# ഇന്ത്യയെ രക്ഷിക്കാൻ

കേരള സ്വാശ്രയ സമിതി

പ്രിയ സുഹൃത്തേ,

നമ്മുടെ രാജ്യം പുതിയൊരു വിപത്ത് നേരിടുകയാണ്. വിലക്കയററം, തൊഴിലില്ലായ്മ, വർഗീയ ലഹള തുടങ്ങിയവ രൂക്ഷമാണ്. എന്നാൽ അവ പുതിയ പ്രശ്നങ്ങളല്ല. സമൂഹത്തിൽ വളരെ ചെറിയൊരു വിഭാഗത്തിന്റെ ഉന്നമനം ലാക്കാക്കിയ സർക്കാർ നയങ്ങൾ മൂലം അവ കാലംചെല്ലുന്തോറും ഗുരുതരമാവുകയാണ്.

സാമ്രാജ്യത്വം വമ്പിച്ചൊരു കടന്നാക്രമണത്തിനൊരുങ്ങുന്നതാണ് പുതിയ വിപത്ത്. ആയുധ മത്സരത്തിലും ഐക്യരാഷ്ട്രസഭ പോലുള്ള സാർവദേശീയ വേദികളിലും തങ്ങളെ ചെറുക്കാൻ സോവിയററു യൂണിയൻ ഇല്ലാതായതോടെ സാമ്രാജ്യത്വം അമേരിക്കയുടെ നേതൃത്വത്തിൽ മൂന്നാം ലോകരാജ്യങ്ങളുടെ മേൽ കുതിരകയറാൻ തുടങ്ങിയിരിക്കുകയാണ്. ഐ. എം. എഫും, ലോകബാങ്കും വായ്പകൾ വാങ്ങുന്നവരുടെ മേൽ ഏർപ്പെടുത്തുന്ന നിബന്ധനകൾ, ഗാട്ട് ചർച്ചയിൽ സാമ്രാജ്യത്വ ശക്തികൾ കൈക്കൊള്ളുന്ന നിലപാട്, അതു വെളിവാക്കുന്ന ഡങ്കൽ നിർദ്ദേശങ്ങൾ, പേററന്റ് നിയമം ഭേദഗതി ചെയ്യിക്കാനും വ്യവസായ-വ്യാപാര-ധനകാര്യ-ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ തങ്ങളുടെ ഇംഗിതം നടപ്പാക്കാനും വേണ്ടി അമേരിക്ക, ഇന്ത്യ അടക്കമുള്ള രാജ്യങ്ങളുടെ മേൽ സ്പെഷൽ-301, സൂപ്പർ-301 വകുപ്പുകൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമം മുതലായവ ഈ കുതിരകയററത്തിന്റെ ഭാഗമാണ്.

സമ്പദ് വ്യവസ്ഥയെ ആഗോളവൽക്കരിക്കുകയാണ് ലോകരാജ്യങ്ങൾ ഇന്ന് നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമെന്ന് ഇവർ നിർദ്ദേശിക്കുന്നു. ബഹുരാഷ്ട്ര കുത്തകകൾക്ക് (അതുവഴി സാമ്രാജ്യത്വ ശക്തികൾക്ക്) ലോകരാജ്യങ്ങളെ കൊള്ളചെയ്യാൻ വാതിൽ തുറന്നിടുകയായിരിക്കും ഇതിന്റെ ഫലമെന്ന് ''ഉദാരവൽക്കരണം'' ഇതിനുമുമ്പ് നടപ്പാക്കിയ രാജ്യങ്ങളുടെ അനുഭവം വിളിച്ചോതുന്നു. ഇന്ത്യയിലെ ദരിദ്രകോടികൾക്ക് കൂടി പ്രതീക്ഷയോടെ ഭാവിയെ ഉററുനോക്കാൻ കഴിയുന്ന നയമാണ് നാല് പതിററാണ്ട് മുമ്പ് പൊതുമേഖലയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ഇവിടെ ആവിഷ്ക്കരിച്ചത്. സ്വകാര്യ താൽപര്യങ്ങളുടെ നിരന്തരമായ ഇടപെടൽ മൂലം പരിമിതികൾ ഏറെ ഉണ്ടായെങ്കിലും കാർഷിക-വ്യാവസായിക-സേവന മേഖലകളിൽ സ്വന്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കാൻ ഇന്ത്യയിലെ

ശാസ്ത്രസാങ്കേതിക വിദഗ്ധർക്കും, അധ്വാനിക്കുന്ന ജനവിഭാഗത്തിനും കൂടി കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഉപയോഗിക്കപ്പെടാതിരിക്കുന്ന അധ്വാനശക്തിയെക്കൂടി പ്രയോജനപ്പെടുത്തുന്നതിന് പററിയ തരത്തിൽ വികസന പരിപാടി വികസിപ്പിക്കുകയും അതുവഴി ദരിദ്രകോടികളുടെ മിനിമം ജീവിതാവശ്യങ്ങൾ നിറവേററുന്ന വിധത്തിൽ അതു നടപ്പാക്കുകയുമാണ് നമ്മുടെ രാജ്യത്തിൻെറ സർവതോൻമുഖമായ വളർച്ചയ്ക്ക് അടിയന്തിരമായി വേണ്ടത്. അതിനുപകരം നിലവിലുള്ള വികസന പരിപാടിയുടെ അടിത്തറ സമ്പന്നർക്കും ഇടത്തരക്കാരിൽ ഒരു വിഭാഗത്തിനുമായി ചുരുക്കുകയാണ്. കമ്പോള സൗഹാർദ സമീപനം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം മുതലായ പ്രയോഗങ്ങളിൽ ഒളിച്ചുവച്ചിരിക്കുന്ന ആശയത്തിൻെറ ലാക്ക്. കേന്ദ്ര ഗവൺമെൻറ് സാമ്രാജ്യത്വ സമ്മർദം മൂലം നടപ്പാക്കാൻ തുടങ്ങിയ ഈ നയപരിപാടിയെ തടയാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ കാർഷിക മേഖലയുടെ ഭാവി ഇരുളടഞ്ഞതാകും. കുത്തകകൾ ഒഴിച്ചുള്ള ലക്ഷക്കണക്കിന് വരുന്ന ഇടത്തരം-ചെറുകിട വ്യവസായങ്ങൾ ബഹുരാഷ്ട്രകുത്തകകളുടെ കടന്നുകയററം മൂലം തകർന്നടിയും. കേരളത്തിൻെറ തനിമയായി പറയാറുള്ളതും ഗവൺമെൻറ് ആഭിമുഖ്യത്തിലുള്ളതുമായ സേവന മേഖല തുടച്ചുനീക്കപ്പെടും. ഇതിൻെറ ഫലം സർവ കൃഷിക്കാരും സ്വയം അധ്വാനിച്ചു ജീവിക്കുന്നവരും വേതനമോ, കൂലിയോ പററി ജീവിക്കുന്നവരുമായ ഇടത്തരക്കാരും, സാധാരണക്കാരുമടങ്ങുന്ന ജനകോടികൾ പാപ്പരാകുകയായിരിക്കും. ഇത് ഒരു കൽപിത കഥയല്ല, വിദൂരസാധ്യതയല്ല, ആസന്നമായ ഭീഷണിയാണ്.

ഈ ഭീഷിണിയെക്കുറിച്ച് ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരും ഇന്ന് ബോധവാന്മാരല്ല. ഇലക്ട്രോണിക്-പത്രമാധ്യമങ്ങൾ യഥാസ്ഥിതിയല്ല, ബഹുരാഷ്ട്രകുത്തകകളുടേയും സാമ്രാജ്യ ശക്തികളുടേയും ഇംഗിതമാണ് പ്രചരിപ്പിക്കുന്നത്. അതിനാൽ ഈ ഭീഷിണിയുടെ പ്രധാന വശങ്ങളെയും അവയ്ക്ക് നിദാനമായ കാരണങ്ങളെയും കുറിച്ച് ജനസാമാന്യത്തെ പറഞ്ഞ് മനസ്സിലാക്കേണ്ടതുണ്ട്. സാമ്രാജ്യത്വത്തിൻെറ ശ്രമം ഫലിച്ചാൽ ഇന്ത്യയിലെ ജനങ്ങളുടെ സ്ഥിതി കൊളോണിയൽ ഇന്ത്യയിൽ അനുഭവിക്കേണ്ടിവന്നതിനേക്കാൾ ഗുരുതരമായിരിക്കും.

# ഇന്ത്യയെ രക്ഷിക്കാൻ

നമുക്കെല്ലാം പരിചിതമായ ഇന്ത്യ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വിവിധ പ്രതിസന്ധികളുടെ നീർച്ചുഴിയിൽ അകപ്പെട്ടിരിക്കുന്ന ഒരു രാജ്യമായി അത് മാറിയിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇത്രയേറെ ഭീഷണികളെ ഒന്നിച്ച് നേരിടേണ്ടിവന്ന സാഹചര്യം ഉണ്ടായിട്ടില്ല. വിഘടന വാദികളും വർഗീയ ശക്തികളും ചേർന്ന് രാജ്യത്തെ ഛിന്നഭിന്നമാക്കുകയും ജനങ്ങളുടെ സ്വൈരജീവിതം തകർക്കുകയുമാണ്. സാമ്രാജ്യത്വ ശക്തികൾ ഇന്ത്യയെ ചൊൽപ്പടിയിൽ നിർത്താൻ ഓരോ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. സാമ്പത്തിക രംഗമാകട്ടെ, പൊട്ടിത്തെറിയുടെ വക്കിലുമാണ്. തൊഴിലില്ലായ്മ, പട്ടിണി, അനാരോഗ്യം, ദാരിദ്ര്യം, നിരക്ഷരത തുടങ്ങിയവ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല മറുഭാഗത്താകട്ടെ, പണച്ചെലവ് കൂടി വരികയും കടം പെരുകിവരികയുമാണ്. ഈ നില തുടർന്നാൽ, സമീപഭാവിയിൽ തന്നെ രാജ്യം ഒരു കടക്കെണിയിൽ അകപ്പെടും. വിലക്കയററം ഒരു നിത്യപ്രശ്നമായി മാറിയിരിക്കുന്നു. സാമ്പത്തിക രംഗത്തെ ഈ പ്രതിസന്ധി ആഴത്തിലുള്ളതാകയാൽ അത് രാജ്യത്തിന്റെ വ്യാവസായിക-രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിൽ ശക്തമായ തിരിച്ചടികൾക്കിടയാക്കിയിരിക്കുന്നു. ഈ തിരിച്ചടികൾ രാജ്യത്തേയും ഇവിടത്തെ ജനാധിപത്യമൂല്യങ്ങളേയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദുരന്തത്തിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ സമയബന്ധിതവും, ത്യാഗനിർഭരവുമായ സമരത്തിൽ ഓരോ മനുഷ്യസ്നേഹിയും പങ്കാളിയാകണം. സങ്കുചിത ചിന്താഗതിക്കതീതമായി ജനങ്ങളുടെ ദേശാഭിമാന ബോധത്തെ ഉയർത്തിക്കൊണ്ടുള്ള ജനകീയ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ രാജ്യത്തിന്റെ സ്വാശ്രയത്വത്തിനെതിരെ ഉയർന്നിരിക്കുന്ന ഭീഷണികൾ ചൂണ്ടിക്കാണിക്കുകയും ഇതിനെതിരായുള്ള പ്രക്ഷോഭത്തിന്റെ അനിവാര്യത വിശദീകരിക്കുകയുമാണ് ഈ ലഘുലേഖ കൊണ്ട് ഉദ്ദേശിക്കുന്നത്.

## എന്തുകൊണ്ട് സാമ്പത്തിക പ്രതിസന്ധി?

രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയും ഇത് പരിഹരിക്കാനെന്നോണം സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുമാണ് സ്ഥിതിഗതികളെ ഇന്നത്തെ നിലയിലേക്കെത്തിച്ചിരിക്കുന്നത്. അതുകൊണ്ട്, സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ അന്വേഷിക്കുന്നത് കാര്യങ്ങളെക്കു

റിച്ച് കൂടുതൽ വ്യക്തത കിട്ടാൻ സഹായമാകും. വിദേശ നാണ്യത്തിനുള്ളതായ ദൗർലഭ്യവും, ആഭ്യന്തരവിഭവസമാഹരണത്തിനുണ്ടായ പരിമിതിയുമാണ് സംഗതികളുടെ തുടക്കം കുറിച്ചത്. രാജ്യത്തിനുവേണ്ടി അത്യാവശ്യവസ്തുക്കൾ ഇറക്കുമതി ചെയ്തതുകൊണ്ടോ, സജീവമായ ജീവപ്രശ്നങ്ങൾ, പരിഹരിക്കേണ്ടിവന്നതുകൊണ്ടോ, ഉൽപാദകവർധനവിനായി കൃഷി-വ്യവസായം തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ തുക ചെലവഴിച്ചതുകൊണ്ടോ അല്ല ഈ പ്രശ്നങ്ങൾ തുടങ്ങിയത്. ഇന്ത്യയിലേക്ക് കൂടുതലായി ആഡംബര വസ്തുക്കൾ ഇറക്കുമതി ചെയ്തതും, അത്തരം വസ്തുക്കൾ ഉണ്ടാക്കാൻ വേണ്ടി യന്ത്രസാമഗ്രികൾ കൂടുതൽ വാങ്ങിയതുമാണ് വിദേശ നാണയം തീർന്നുപോകാൻ കാരണമായത്. മൊത്തം ഇറക്കുമതിയിൽ ഏതാണ്ട് 67 ശതമാനവും ഇത്തരത്തിലുള്ളതായിരുന്നു. ഇതോടൊപ്പം ഇറക്കുമതി അനിയന്ത്രിതമായി കൂടിയതോടെ വിദേശ നാണയപ്രശ്നം കൂടുതൽ രൂക്ഷമായി. പദ്ധതിചെലവിന് വിഭവസമാഹരണം നടത്തിയത് പ്രധാനമായും പാവപ്പെട്ട ജനങ്ങളുടെ മേൽ കൂടുതൽ നികുതിചുമത്തിക്കൊണ്ടായിരുന്നു. പണക്കാരുടെ വരുമാനത്തിന് ഇളവുനൽകുകയും, കുടിശിക പിരിച്ചെടുക്കാതിരിക്കുകയും ചെയ്തു. പാവങ്ങളെ പിഴിയുന്നതുകൊണ്ടുമാത്രം കാര്യങ്ങൾ നടക്കാതെ വന്നപ്പോൾ കമ്മിപണം അടിച്ചിറക്കുകയും ആഭ്യന്തരകമ്പോളത്തിൽ നിന്ന് കടംവാങ്ങുകയുമാണുണ്ടായത്. ഇങ്ങനെ നോക്കുമ്പോൾ, പണക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും സർക്കാർ അവർക്കായി ചെയ്തുകൊടുത്ത സൗകര്യങ്ങൾക്കനുസൃതമായി അവരിൽ നിന്ന് പണം ഈടാക്കാതിരിക്കുകയും ചെയ്തതാണ്, പദ്ധതി ചെലവിന് പോലും പണം ഇല്ലാതാകാൻ കാരണം. അങ്ങനെ ഒരേസമയം, വിദേശക്കടവും ആഭ്യന്തരക്കടവും വർധിക്കാനിടയായി. കടം വീട്ടാനായി സ്വീകരിച്ച ഓരോ നടപടിയും ജനജീവിതം കൂടുതൽ ദുസ്സഹമാക്കുന്നതും, രാജ്യത്തെ തന്നെ പണയപ്പെടുത്തുന്നതുമായിരുന്നു. ഇപ്പോൾ നാം കിട്ടാവുന്നേടത്ത് നിന്നെല്ലാം കടംവാങ്ങി കുറെയേറെ ഡോളർ സമ്പാദിച്ചുവെച്ചിരിക്കയാണ്. അതുപോലെ റേഷനരിയുടെ വില കൂട്ടിയും, കാർഷിക സബ്സിഡികൾ നിർത്തിയും, ക്ഷേമ പ്രവർത്തനങ്ങൾ വെട്ടിക്കുറച്ചും നാം കമ്മി നികത്തി കൊണ്ടിരിക്കയാണ്. ഈ പോക്ക് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നാണ് മററ് രാജ്യങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നത്.

## സാമ്പത്തിക പരിഷ്കാരങ്ങൾ-പൊതുകാഴ്ചപ്പാട്

ഐ. എം. എഫിൻേറയും, ലോകബാങ്കിൻേറയും നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണല്ലോ പുതിയ സാമ്പത്തികപരിഷ്ക്കാരങ്ങൾ നടപ്പാ

ക്കികൊണ്ടിരിക്കുന്നത്. ഐ. എം. എഫിൻെറ നിർദ്ദേശാനുസരണമുള്ള പരിഷ്ക്കാരങ്ങളെ ദൃഢീകരണപ്രവർത്തനങ്ങളെന്നും (Stabilisation efforts) ലോകബാങ്കിൻെറ നിർദ്ദേശങ്ങളെ ഘടനാപരമായ നീക്കുപോക്കു (Structural adjustments) കളെന്നുമാണ് പറഞ്ഞിരുന്നത്. 1991—92, 1992—93 വർഷങ്ങളിലെ കേന്ദ്രബജററ് നിർദ്ദേശങ്ങളിലൂടെയായിരുന്നു ഇവ ഇന്ത്യയിലെ ജനങ്ങളുടെ മേൽ അടിച്ചേൽപിച്ചത്.

ഉറുപ്പികയുടെ മൂല്യശോഷണം, പുതിയ വ്യാപാരനയം, എക്സിം സ്ട്രിപുകരം, ധനകമ്മി നിജപ്പെടുത്തൽ, സർക്കാർ നിയന്ത്രണത്തിലുള്ള റേഷനരി തുടങ്ങിയവയുടെ വില വർദ്ധിപ്പിക്കൽ, സബ്സിഡി കുറക്കൽ, പ്രത്യക്ഷനികുതി കൂട്ടൽ, വാങ്ങൽ കഴിവ് കുറയ്ക്കൽ എന്നിങ്ങനെ പഴയതും പുതിയതുമായ നടപടികളായിരുന്നു ഐ. എം. എഫ് നിർദ്ദേശങ്ങരം. ഇവ ഓരോന്നായി നടപ്പാക്കിയതിനെ തുടർന്ന് രാജ്യം ഐ. എം. എഫിൽ നിന്ന് 226 കോടി ഡോളർ കടംവാങ്ങാനുള്ള ഏർപ്പാടുണ്ടാക്കി. തുടർന്ന് ലോകബാങ്കിനെ സമീപിച്ചപ്പോരം മററൊരു കൂട്ടം ഉപാധികളായിരുന്നു ബാങ്ക് ഉന്നയിച്ചത്. സ്വകാര്യവൽക്കരണത്തിനും, ഉദാരവൽക്കരണത്തിനും ഊന്നൽ നൽകുന്നതായിരുന്നു ഈ ഉപാധികരം. ബാങ്കിൻെറ നിർദ്ദേശാനുസരണം നമ്മുടെ നയങ്ങരം ഓരോന്നും തിരുത്തിയെഴുതി, സർക്കാർ പുതിയ വ്യവസായനയവും, ധനനയവും ആവിഷ്ക്കരിച്ചു. കുത്തകകളേയും, ബഹുരാഷ്ട്ര കമ്പനികളേയും സഹായിക്കുന്ന വിധം കുത്തക നിയന്ത്രണ നിയമ (MRTP) ത്തിൽ മാററം, വിദേശകമ്പനി (FERA) കരംക്ക് വമ്പിച്ച ആനുകൂല്യം എന്നിങ്ങനെ തുടങ്ങി വിദേശ സാങ്കേതികവിദ്യ ഇറക്കുമതി, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപന വരെ എത്തുന്നതായിരുന്നു പുതിയ വ്യവസായനയത്തിലെ നിർദ്ദേശങ്ങരം. ചെറുകിട വ്യവസായങ്ങളിൽ തന്നെ നാലിലൊന്നോളം ഇത്തരം കുത്തകകളെ ഏൽപിക്കാമെന്ന് നിബന്ധന ചെയ്തു.

പുതിയ സാമ്പത്തിക-വ്യാവസായിക നയങ്ങരം നടപ്പിലാക്കുന്നതോടെ തൊഴിലാളികരംക്ക് ജോലിയിലുള്ള താരതമ്യ സുരക്ഷിതത്വം ഇല്ലാതാകുന്നു. പൊതുമേഖലയിൽ പിരിച്ചുവിടലിനെപ്പററി ചർച്ചകരം നടക്കുന്നു. രോഗഗ്രസ്ത വ്യവസായങ്ങരം അടച്ചുപൂട്ടേണ്ടതാണെന്നും അന്തർദേശീയമായി മത്സരിക്കുന്ന സ്ഥാപനങ്ങരം മതിയെന്നുമാണ് സർക്കാർ നിലപാട്. സംരക്ഷണങ്ങരം എല്ലാം ഇല്ലാതാക്കുന്നു. ന്യൂനപക്ഷങ്ങളുടെ ആഡംബരത്തിനുള്ള സാധനങ്ങളുടെ ഉൽപാദനം മാത്രം നടത്തുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ലോകകമ്പോളവുമായുള്ള സാമ്പത്തിക ബന്ധത്തിൽ നിബന്ധനകരം വെക്കാനും അതുവഴി വ്യാവസായികരംഗത്ത് വലിയൊരളവുവരെ വിക

സനമുണ്ടാക്കാനും സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് ചില വർഷങ്ങളിൽ ഇന്ത്യക്ക് കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് സാമ്രാജ്യത്വത്തിന് കീഴടങ്ങുന്ന നയം തുടരുകയും അത് ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്.

1980 വരെ ഇറക്കുമതിക്ക് വേണ്ടി വിദേശികളെ ആശ്രയിക്കുന്ന നയത്തിനായിരുന്നു മുൻതൂക്കമെങ്കിൽ 1980 മുതൽ വായ്പക്കാണ് മുൻതൂക്കം നൽകിയത്. വായ്പ ലഭിക്കാൻ പലിശ മാത്രം കൊടുത്താൽ പോരെന്നും വിദേശികളുടെ വിശ്വാസം കൂടി ആർജിക്കണമെന്നും വന്നു. അതിനായി വായ്പാ ഏജൻസികളുടെ ഉപാധികൾക്കനുസൃതമായി സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിത്തുടങ്ങി. കൂടുതൽ കടം ലഭിക്കാൻ കർശനമായ ഉപാധികളോടെയുള്ള പരിഷ്കാരങ്ങളായിരുന്നു നടപ്പാക്കേണ്ടിവന്നത്. കസ്റ്റംസ് ഡ്യൂട്ടി ഏഴ് വർഷം കൊണ്ട് 300 ശതമാനത്തിൽ നിന്ന് 30 ശതമാനമാക്കാമെന്ന് വന്നു. രൂപയുടെ വിനിമയ മൂല്യം കുറക്കാമെന്നായി, എന്തും ഇവിടേക്ക് ഇറക്കുമതി ചെയ്യാമെന്നും വിററഴിക്കാമെന്നും വാഗ്ദാനം ചെയ്തു. ഇതിനായി സർക്കാരിന്റേതായ നിയന്ത്രണങ്ങൾ ഓരോന്നായി എടുത്തുമാററി. ബഹുരാഷ്ട്ര കുത്തകകളെ പ്രോത്സാഹിപ്പിച്ചു. അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തി. ഇന്ത്യയിലെ വിപണന സാധ്യതകൾ ബഹുരാഷ്ട്ര കമ്പനികൾക്കായി തുറന്നുകൊടുക്കുക എന്നതായിരുന്നു അവരുടെ ആവശ്യം, അതുകൊണ്ടു തന്നെ ഇന്ത്യയിൽ ഉൽപാദിപ്പിക്കപ്പെടുന്ന സമ്പത്ത് നീതിപൂർവം വിതരണം ചെയ്ത് അധികം പേരിലേക്ക് എത്തിക്കാതെ വരുമാനത്തിന്റെ അസന്തുലിതാവസ്ഥ വഴി സമ്പത്ത് ഏതാനും പേരിൽ ഒതുക്കി നിർത്തുകയും അവർക്ക് വേണ്ടി വില കൂടിയ ആഡംബര വസ്തുക്കൾ ഉണ്ടാക്കി വൻ ലാഭം കൊയ്യുകയുമായിരുന്നു ബഹുരാഷ്ട്ര കമ്പനികളുടേയും ഇന്ത്യൻ കുത്തകകളുടേയും തന്ത്രം. പാവങ്ങളിൽ നിന്ന് വലിയ എതിർപ്പുണ്ടാകുമ്പോൾ ചില ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ നടത്തിയേക്കും. സാമ്രാജ്യത്വ ഏജൻസികളായ ബഹുരാഷ്ട്ര കമ്പനികളുടെ താൽപര്യം സംരക്ഷിക്കുക എന്നതാണ് അമേരിക്കയുടേയും മററ് വികസിത രാജ്യങ്ങളുടേയും ഉദ്ദേശ്യം. അതിനായി ലോക സാമ്പത്തിക സ്ഥാപനങ്ങളായ ഐ. എം. എഫിനേയും ലോക ബാങ്കിനേയും 'ഗാട്ടി'നേയും മററും പുതിയ അധികാരങ്ങൾ നൽകി ഉപയോഗപ്പെടുത്തുകയാണവർ.

## പ്രത്യാഘാതങ്ങൾ കണ്ടുതുടങ്ങുന്നു

പുതിയ സാമ്പത്തിക-വ്യാവസായിക പരിഷ്കാരങ്ങൾ വ്യാവസായിക മേഖലയെ മൊത്തത്തിൽ തളർത്തുകയാണുണ്ടായത്. ചെറു

കിട—ഇടത്തരം വ്യവസായങ്ങളും പൊതുമേഖലയും തകർന്നതോടെ ഇന്ത്യയിലെ മൊത്തം വ്യാവസായിക വളർച്ച കഴിഞ്ഞ ഒരു വർഷത്തിൽ 0.9 ശതമാനം കുറഞ്ഞു. കാർഷിക രംഗത്ത് മുന്നേററങ്ങളൊന്നുമുണ്ടായില്ല. 'എക്സിംസ്ക്രിപ്പ്'ൻെറ പേരിൽ അരിയടക്കമുളള ധാന്യങ്ങൾ വൻതോതിൽ കയററി അയച്ചതിനാൽ പൊതുവിപണിയിൽ അരിവില ഗണ്യമായി ഉയർന്നു. സബ്സിഡി നിർത്തലാക്കിയതോടെ റേഷനരി വിലയും കൂടി. സാധനങ്ങളുടെ മൊത്ത വിലയിൽ 13 ശതമാനത്തിൻെറയും ഉപഭോക്തൃ വിലയിൽ 20 ശതമാനത്തിൻെറയും വർദ്ധനവുണ്ടായി. ഇതിൽ തന്നെ ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, മുളക്, ഭക്ഷ്യ എണ്ണകൾ തുടങ്ങിയവയ്ക്കായിരുന്നു വില വർദ്ധനവ് ഏററവും കൂടുതൽ അനുഭവപ്പെട്ടത്.

വ്യാവസായിക വളർച്ച 0.9 ശതമാനം കുറഞ്ഞപ്പോൾ തന്നെ എല്ലാവരേയും അത്ഭുതപ്പെടുത്തും വിധം കമ്പനിഷെയറുകളുടെ വില വർദ്ധിക്കുകയും ഓഹരി കമ്പോളത്തിൽ ഊഹക്കച്ചവടം ശക്തിപ്പെടുകയും ചെയ്തു. ഇതേസമയം ഷെയറുകളിൽ നിന്നുള്ള വരുമാനത്തിന് പുതിയ നികുതികൾ കഴിഞ്ഞ ബജററിൽ നാമമാത്രമായി കുറഞ്ഞു. ഇതുവഴി എല്ലാ പണക്കാർക്കും അധികം പണം കൈയിൽ വരാൻ അവസരമുണ്ടായി. അവരാകട്ടെ ഈ അവസരം ഊഹക്കച്ചവടത്തിനായി ഉപയോഗിച്ചു. ഇതെല്ലാം പുതിയ സാമ്പത്തിക നയത്തിൻെറ നേട്ടങ്ങളാണെന്ന് അധികാരികൾ പ്രഖ്യാപിച്ചതോടെ ഏത് വഞ്ചനയും നടത്തി പൊതു മുതൽ തട്ടിയെടുക്കാമെന്ന അവസ്ഥയുണ്ടായി. പണക്കാരുടെ എല്ലാ താൽപര്യങ്ങളും ഔദ്യോഗികമായി സംരക്ഷിക്കപ്പെട്ടു.

ഏറെ പ്രോത്സാഹനങ്ങൾ നൽകിയെങ്കിലും രാജ്യത്തെ മൊത്തം കയററുമതി കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഡോളർ അടിസ്ഥാനത്തിൽ 1.9 ശതമാനം കണ്ട് കുറയുകയാണ് ചെയ്തത്. എന്നിട്ടും വിദേശനാണയ ശേഖരം വർദ്ധിച്ചുവെന്നും അത് പുതിയ പരിഷ്കാരങ്ങളുടെ ഫലമായിട്ടാണെന്നുമാണ് അധികാരികൾ ഊററം കൊള്ളുന്നത്. യഥാർത്ഥത്തിൽ 1991 സെപ്തംബർ മുതൽ കിട്ടാവുന്നിടത്ത് നിന്നെല്ലാം കടം വാങ്ങിയാണ് കഴിഞ്ഞ ഏപ്രിൽ അവസാനത്തോടെ അഞ്ഞൂറ് കോടിയിലധികം ഡോളറിൻെറ വിദേശനാണയ ശേഖരം ഉണ്ടാക്കിയിരുന്നത്.

## അമേരിക്കയുടെ പുതുലോകക്രമം

ഒരു പുതുലോക സാമ്പത്തിക ക്രമം രൂപപ്പെടുത്തുവാനാണ് അമേരിക്ക ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സോഷ്യലിസ്ററ് രാജ്യങ്ങളുടെ തകർച്ചയോടെയാണ് അമേരിക്കയുടെ നീക്കങ്ങൾ കൂടുതൽ

ശക്തിപ്പെട്ടത്. സാമ്രാജ്യത്വ രാജ്യങ്ങളും ദരിദ്ര രാജ്യങ്ങളും എന്ന ധ്രുവീകരണ പ്രക്രിയക്ക് വേഗത കൂടി വരികയാണ്. തങ്ങളുടെ ആധിപത്യത്തിൻ കീഴിൽ ലോകരാജ്യങ്ങളെ കക്ഷി ചേർക്കുന്ന ഒരു ലോക ക്രമത്തിനാണ് അമേരിക്ക നേതൃത്വം നൽകി വരുന്നത്. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ തകർച്ചയും ഗൾഫ് യുദ്ധത്തിലെ വിജയവും അനുകൂല ഘടകങ്ങളാക്കി പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കാനും അടിച്ചേൽപ്പിക്കാനും അമേരിക്ക സാഹചര്യമൊരുക്കുകയാണ്. ആഗോളവൽക്കരണം, കമ്പോളപങ്കാളിത്ത ബന്ധം, എന്നൊക്കെയുള്ള പുതിയ വാക്കുകൾ തന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

പുതിയ പുതിയ തന്ത്രങ്ങളാണ് പുതുലോകക്രമം സ്ഥാപിച്ചെടുക്കാൻ അമേരിക്ക ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളായ ഐ. എം. എഫ്, ലോകബാങ്ക്, ഗാട്ട് എന്നിവക്ക് പുതിയ അധികാരങ്ങൾ നൽകി അവയെ ശക്തിപ്പെടുത്തി തങ്ങളുടെ ഏജൻറുകളാക്കൽ, ഐക്യരാഷ്ട്രസഭയെയും അതിൻെറ മററ് വേദികളെയും വിലയ്ക്കെടുക്കുകയോ തകർക്കുകയോ ചെയ്യൽ, ചെറുത്തുനിൽക്കുന്ന രാജ്യങ്ങൾക്കെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തൽ, ചെറുത്തുനിൽപ്പുകൾക്കെതിരായി സൂപ്പർ 301, സ്പെഷൽ 301 തുടങ്ങിയ കരിനിയമങ്ങൾ ഏർപ്പെടുത്തൽ, ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിലെ ശാസ്ത്ര സാങ്കേതിക ഗവേഷണത്തിന് തടസ്സം നിൽക്കൽ മുതലായ മാർഗങ്ങളാണ് ഇന്ന് ഉപയോഗിച്ചുവരുന്നത്. ഓരോ രാജ്യത്തിനും അതിൻെറ സാമ്പത്തിക രാഷ്ട്രീയ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള പരമാധികാരം ഇല്ലാതാക്കുകയും പകരം അമേരിക്കയും ഐ. എം. എഫ്, ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളും കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ അവയെ നിർബന്ധിക്കുകയുമാണ്. ഇതിൻെറ പ്രത്യക്ഷമായ ഉദാഹരണമാണ് ഇപ്പോൾ നടന്നുവരുന്ന ജി-7 ചർച്ചകൾ. നേരത്തെ ധനിക രാജ്യങ്ങളും ദരിദ്ര രാജ്യങ്ങളും ഒന്നിച്ചിരുന്നുകൊണ്ടുള്ള ഉഭയകക്ഷി ചർച്ചകൾ വഴിയാണ് കാര്യങ്ങൾ തീരുമാനിച്ചിരുന്നതെങ്കിൽ ഇന്ന് സാമ്രാജ്യത്വ രാജ്യങ്ങൾ മാത്രം അടങ്ങുന്ന ഗ്രൂപ്പ് ഏകപക്ഷീയമായ ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും അവ നടപ്പാക്കാനായി ദരിദ്ര രാജ്യങ്ങളെ നിർബ്ബന്ധിക്കുകയുമാണ് ചെയ്യുന്നത്.

ഐ. എം. എഫ്, ലോകബാങ്ക്, 'ഗാട്ട്' തുടങ്ങിയ സ്ഥാപനങ്ങളിലെ വോട്ടവകാശവും സ്വാധീനവും ഒരു ലോകാധിപത്യം സ്ഥാപിക്കച്ചെടുക്കാനായി അമേരിക്ക ഉപയോഗിക്കുകയാണ്. ലോകരാജ്യങ്ങളിലെ മുഴുവൻ സാമ്പത്തിക ക്രയവിക്രയവും വ്യാപാരവും എങ്ങനെയായിരിക്കണമെന്ന് അവർ തീരുമാനിക്കുകയാണ്. കഴിഞ്ഞ പത്ത്

—പതിനഞ്ച് വർഷങ്ങൾക്കിടയിൽ ലോക സാമ്പത്തിക രംഗത്തുണ്ടായ മാററങ്ങളെയെല്ലാം ഇതിനായി ഉപയോഗിക്കാൻ അവർക്ക് കഴിഞ്ഞിട്ടുമുണ്ട്. എഴുപതുകളിൽ എണ്ണ വില വർധിപ്പിച്ചപ്പോൾ അറബ് രാജ്യങ്ങളിൽ നിന്ന് വലിയ നിക്ഷേപം നേടിയെടുക്കാൻ അമേരിക്കക്ക് കഴിഞ്ഞു. ഈ നിക്ഷേപം ദരിദ്ര രാജ്യങ്ങൾക്ക് വായ്പയായി നൽകി. തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ ഐ. എം. എഫിനെ മധ്യവർത്തിയാക്കി പുതിയ ഉപാധികൾ വച്ചു. ലോകബാങ്കിൻെറ പ്രവർത്തനങ്ങൾ നേരത്തെ ചില പ്രോജക്ററുകളിൽ മാത്രം ഒതുങ്ങിയിരുന്നെങ്കിൽ ഇപ്പോൾ രാജ്യത്തിൻെറ ഘടനാപരമായ മാററങ്ങൾ തന്നെ തീർപ്പെടുത്തുന്ന നിലയിലെത്തിയിരിക്കുന്നു. ഗാട്ടിൻെറ എട്ടാം റൗണ്ട് ചർച്ചകളിൽ ഉന്നയിക്കപ്പെട്ട ബൗദ്ധികസ്വത്തവകാശം, സേവന മേഖലകളുടെ സ്വകാര്യവൽക്കരണം തുടങ്ങിയ നിബന്ധനകൾ, ഇവ അടിച്ചേൽപ്പിക്കുന്നതിനുള്ള ഡങ്കൽ നിർദ്ദേശങ്ങൾ എന്നിവയും ഇതിനുദാഹരണങ്ങളാണ്. ഗൾഫ് യുദ്ധത്തിനുള്ള തീരുമാനത്തോടെ ഐക്യരാഷ്ട്ര സംഘടനയെ ഒരു യുദ്ധപ്രഖ്യാപന വേദിയാക്കാൻ വരെ അമേരിക്കക്ക് കഴിഞ്ഞു. കടുത്ത സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി ക്യൂബയെന്ന കൊച്ചു രാജ്യത്തെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നു. ഇന്ത്യ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾക്കെതിരെ സൂപ്പർ 301, സ്പെഷൽ 301 തുടങ്ങിയ കരിനിയമങ്ങൾ പ്രയോഗിക്കുകയും നമ്മുടെ കയററുമതിയെ തകർക്കാൻ നടപടിയെടുക്കുകയും ചെയ്തു. റഷ്യയിൽ നിന്ന് ക്രയോജനിക് മിസൈൽ വാങ്ങുന്നതിനെതിരെ അമേരിക്ക നടത്തിയ ഇടങ്കോലിടൽ മററ് രാജ്യങ്ങളിലെ ശാസ്ത്ര-സാങ്കേതിക ഗവേഷണത്തെ തകർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. ആണവശക്തിയെ യുദ്ധോപയോഗത്തിന് ഉപയോഗിക്കാത്ത ഒരു രാജ്യമാണ് ഇന്ത്യ എന്ന് അറിഞ്ഞിട്ടും നമ്മോട് ആണവായുധങ്ങൾ നിർമിക്കുന്നത് തടയാനുള്ള ഉടമ്പടിയിൽ ഒപ്പിടാൻ നിർബന്ധിക്കുകയാണ്. ആണവ ഗവേഷണത്തെ ഉല്പാദനക്ഷമമായ മാർഗങ്ങൾക്കായി ഉപയോഗിക്കാതിരിക്കാനാണ് ഈ നീക്കം.

ഇതിനെല്ലാം ആക്കം കൂട്ടിയത് സോവിയററ് യൂണിയൻെറയും മററ് സോഷ്യലിസ്ററ് രാജ്യങ്ങളുടെയും തകർച്ചയാണ്. ഈ തകർച്ചയോടെ ഇന്ത്യയടക്കമുളള മൂന്നാം ലോക രാജ്യങ്ങൾക്ക് വിശ്വസ്തമായ വ്യാപാര സുഹൃത്തിനെ നഷ്ടമായി. സാമ്രാജ്യത്വ രാജ്യങ്ങളിൽ നിന്ന് ദരിദ്ര രാജ്യങ്ങളിലേക്കുള്ള മൂലധന ഒഴുക്ക് ശക്തിപ്പെട്ടു. അതുമായി ബന്ധപ്പെട്ട ഉപാധികൾ കൂടുതൽ കർശനമാക്കുകയും ചെയ്തു. ഇതിനെല്ലാം പുറമേ രണ്ടാം ലോകമഹായുദ്ധത്തോടെ ശക്തി കുറഞ്ഞ ആംഗ്ലോ—സാക്സൻ സംസ്കാരം കൂടുതൽ ശക്തിയോടെ തിരിച്ചുവന്നിരിക്കുകയാണ്. യുദ്ധാനന്തരം ഇന്ത്യയടക്കമുള്ള ഒട്ടേറെ കോളനി

രാജ്യങ്ങളിൽ യൂറോപ്യൻ മേൽകോയ്മയ്ക്കെതിരെയുള്ള ജനകീയ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവരികയും ആ രാജ്യങ്ങളെല്ലാം സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തിരുന്നു. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ ഒരു കൂട്ടുകെട്ട് തന്നെ പിന്നീട് ലോകത്ത് വലിയൊരു ശക്തിയായി വളർന്നുവന്നു. ചേരിചേരാ പ്രസ്ഥാനവും യുദ്ധ വിരുദ്ധ പ്രസ്ഥാനവും കൂടുതൽ കരുത്താർജിച്ചു. അമേരിക്കയെയും മററ് ശക്തികളെയും പല രംഗത്തും ചോദ്യം ചെയ്യാനും ലോകത്തിൻെറ സന്തുലനം പാളിപ്പോകാതെ നിർത്താനും സോഷ്യലിസ്ററ് രാജ്യങ്ങളുടെ സഹായത്തോടെ ഈ കൂട്ടുകെട്ടിന് കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് പടിഞ്ഞാറിൻെറ മാഹാത്മ്യവും ശക്തിയും വീണ്ടും അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. പുതിയൊരു കോളനിവൽക്കരണം ശക്തിപ്പെട്ടുവരുന്നു. ഇപ്പോൾ തുടർന്നു വരുന്ന പുത്തൻ കൊളോണിയൽ മാർഗങ്ങളെക്കാൾ രൂക്ഷമായിരിക്കുമിത്. ഇതിൻെറ പ്രത്യക്ഷമായ ഉദാഹരണമാണ് "ഗാട്ടി"ൻെറ എട്ടാം റൗണ്ട് ചർച്ചകളും അതിനെ തുടർന്നുള്ള ഡങ്കൽ നിർദ്ദേശങ്ങളും.

## ഡങ്കൽ നിർദ്ദേശങ്ങൾ: കോളനിവൽക്കരണത്തിൻെറ പുതിയ മാർഗം

ആഗോളതലത്തിൽ ഇന്ന് വലിയ വിവാദമുയർത്തിയിരിക്കുന്ന വിഷയമാണ് ബൗദ്ധിക സ്വത്തവകാശം [Intellectual property rights]. വാണിജ്യ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര വേദിയായ ഗാട്ടിൻെറ [General Agreement for Traiffs and Trade] എട്ടാം റൗണ്ട് ചർച്ചകളിൽ അമേരിക്കൻ ഐക്യനാടുകളുടെ നിർബന്ധമനുസരിച്ച് ബൗദ്ധിക സ്വത്തവകാശം ഉൾപ്പെടുത്തിയതോടെയാണ് ഇതൊരു വിവാദ വിഷയമായത്. മൂന്നാം ലോക രാഷ്ട്രങ്ങളെ ചൂഷണം ചെയ്യാനും സാമ്രാജ്യത്വത്തിൻെറ ആധിപത്യത്തിനു വിധേയമാക്കാനുമുള്ള ഒരു പുതിയ മാർഗം അമേരിക്കയും വൻ ശക്തികളും കണ്ടെത്തിയിരിക്കുകയാണ്. ഗാട്ട് ചർച്ചകൾ മുന്നോട്ടുപോയ രീതിയും ഉറുഗ്വേ റൗണ്ട് എന്നു വിളിക്കപ്പെടുന്ന ചർച്ചകളുടെ അന്തിമ നടപടിയായി ഗാട്ട് ഡയറക്ടർ ജനറൽ ആർതർ ഡങ്കൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങളും ഈ കാര്യം സ്ഥിരീകരിച്ചിരിക്കുകയാണ്. ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രരാഷ്ട്രങ്ങളുടെ സ്വാശ്രയത്വത്തിനനുസൃതമായ, നാടിനു യോജിച്ച വികസനത്തെ തകർക്കുന്നതിനും അവയെ പുത്തൻ കോളനി വാഴ്ചയുടെ ഊരാക്കുടുക്കിൽ പെടുത്തുന്നതിനുമുള്ള സമഗ്ര പദ്ധതിയാണ് ഡങ്കൽ കരടുരേഖ [Dunkel Draft Text] യിൽ നിർദ്ദേശിക്കുന്നത്.

ബൗദ്ധിക സ്വത്തവകാശങ്ങളുംപ്പെടെ അന്താരാഷ്ട്ര സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന നിരവധി ഘടകങ്ങളെക്കുറിച്ച് ഗാട്ടിന്റെ ഉറുഗ്വെറൗണ്ട് ചർച്ചകൾ 1986 മുതൽ നടന്നുവരുകയാണ്. ഉറുഗ്വെ റൗണ്ടിന്റെ അന്തിമഘട്ടമെന്ന നിലയിൽ ഗാട്ടിന്റെ ഡയറക്ടർ ജനറലായ ആർതർ ഡങ്കൽ നിർദ്ദേശങ്ങൾ [Dunkal Draft Text] ലോകരാഷ്ട്രങ്ങൾക്ക് സമർപ്പിച്ചു. ഈ നിർദ്ദേശങ്ങൾ ആഗോള രാഷ്ട്രീയ-സാമ്പത്തിക ബന്ധങ്ങളിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നവയാണ്.

വിവിധ രാജ്യങ്ങളിലെ കസ്റ്റംസ് നിബന്ധനകളെക്കുറിച്ചു ചർച്ച ചെയ്യുകയും തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന താരതമ്യേന അപ്രധാനമായ ഒരു സമിതിയാണ് ഗാട്ട്. അന്താരാഷ്ട്രബന്ധങ്ങൾ ചർച്ച ചെയ്യുന്നതിന് കൂടുതൽ ഔപചാരിക സ്വഭാവമുള്ള ഐക്യരാഷ്ട്രസഭ, അൺക്ടാഡ് [Unted Nations Council for Trade andDevelopment ] മുതലായ സമിതികളിരിക്കെ, ബൗദ്ധിക സമ്പത്തവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഗാട്ടിനെ ഉയർത്തിക്കൊണ്ടുവന്നത് ഗൗരവമേറിയ വസ്തുതയാണ്. ഗാട്ടിന്റെ ഉറുഗ്വെ റൗണ്ട് ചർച്ചകളുടെ പ്രസക്തി മനസ്സിലാക്കുന്നതിന് കഴിഞ്ഞ ഏതാനും ദശകങ്ങളിലെ സംഭവങ്ങളിലേക്ക് കണ്ണോടിക്കേണ്ടിവരും.

അറുപതുകളിലും എഴുപതുകളിലുമായി മൂന്നാംലോകരാഷ്ട്രങ്ങൾ സുപ്രധാന രാഷ്ട്രീയശക്തിയായി മാറിയിരുന്നു. സ്വന്തം സാമ്പത്തികാധിപത്യം നിലനിർത്താനുള്ള വികസിത രാഷ്ട്രങ്ങളുടെ ശ്രമങ്ങളെ ഇവർ ഒററക്കെട്ടായി എതിർത്തു. വികസിത രാഷ്ട്രങ്ങളുടെ ഏഴു രാഷ്ട്രങ്ങളുടെ ഗ്രൂപ്പുപോലെയുള്ള സംഘങ്ങളെ ചെറുത്തുകൊണ്ട് അവികസിത രാഷ്ട്രങ്ങളുടെ, 77 രാഷ്ട്രങ്ങളുടെ ഗ്രൂപ്പ് നിലവിൽവന്നു. അവികസിത രാഷ്ട്രങ്ങളുടെ ചെറുത്തുനിൽപ്പ് വികസിതരാഷ്ട്രങ്ങളും, അവികസിത രാഷ്ട്രങ്ങളും തമ്മിലുള്ള സംഭാഷണങ്ങൾക്കും വിലപേശലുകൾക്കും കാരണമായി. ഇവയുടെ ഫലമായി ആരംഭിച്ച ഉത്തര-ദക്ഷിണ സംവാദം [North-South dialogue] ഒരു പുതിയ അന്താരാഷ്ട്ര സാമ്പത്തികക്രമ [New International Economic Order] ത്തെക്കുറിച്ചുള്ള ചർച്ചകളുയർത്തി. ഐക്യരാഷ്ട്രസഭയിലും അൺക്ടാഡിലുമായി അവികസിതരാഷ്ട്രങ്ങൾ നിരവധി സുപ്രധാന പ്രശ്നങ്ങളുയർത്തുകയും അവയിൽ പലതിലും അവികസിത രാഷ്ട്രങ്ങൾക്കനുകൂലമായി തീരുമാനങ്ങളുണ്ടാകുമെന്ന നില വരുകയും ചെയ്തു. അവയിൽ പ്രധാനപ്പെട്ടത് (1) അവികസിത രാഷ്ട്രങ്ങളിലെ വളർച്ചയ്ക്കനുകൂലമായി പാരീസ് കൺവെൻഷൻ വ്യവസ്ഥകൾ തിരുത്തിയെഴുതുക. (2) ബഹുരാഷ്ട്രക്കുത്ത

കകളുടെ ഫലപ്രദമായ ചൂഷണമാർഗ്ഗങ്ങളിലൊന്നായ സാങ്കേതിക വിദ്യാ കൈമാററത്തിന് ഒരു പെരുമാററച്ചട്ടമുണ്ടാക്കുക. (3) ബഹുരാഷ്ട്രകുത്തകകളുടെ മൊത്തം പ്രവർത്തനങ്ങൾക്ക് നിയമപരമായ ചട്ടക്കൂടുണ്ടാക്കുക എന്നിവയായിരുന്നു. അവികസിത രാഷ്ട്രങ്ങളുടെ ശക്തമായ സമ്മർദമുണ്ടായിട്ടും ബഹുരാഷ്ട്ര കുത്തകകൾ ഈ തീരുമാനമെടുപ്പിക്കാതെ തടയുന്നതിൽ വിജയിച്ചു.

അവികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക പരാധീനതയും ഐ. എം. എഫ്— ലോകബാങ്കിനോടുള്ള അവരുടെ വിധേയത്വവും, വികസിത രാഷ്ട്രങ്ങളുടെ അടവുകളിൽ പെറിയൊരു മാററം വരുത്തി. അവികസിത രാഷ്ട്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ പേരിൽ സാമ്പത്തിക മേഖലയിൽ പുതിയൊരാക്രമണത്തിനാണവർ ശ്രമിച്ചത്. അതിനായി അവർ തെരഞ്ഞെടുത്തത് അവികസിത രാഷ്ട്രങ്ങൾ കൂടുതൽ സംഘടിതരായ ഐക്യരാഷ്ട്രസഭയുടെ സമിതികളല്ലായിരുന്നു. സംഘടിത രൂപമില്ലാത്ത ഗാട്ട് ആയിരുന്നു. ഗാട്ടിന് മറെറാരു മെച്ചവുമുണ്ട്. വിവിധ തരത്തിലുള്ള വാണിജ്യ ഉപരോധങ്ങൾക്ക് അതിന്റെ നിബന്ധനകളിൽ വകുപ്പുണ്ട്. അവികസിത രാഷ്ട്രങ്ങളുടെ സാമ്പത്തിക നടപടികൾക്ക് തിരിച്ചടിയായി ഉപയോഗിക്കാവുന്ന വിരുദ്ധപ്രതിക്രിയാ (Cross retaliation) മാർഗങ്ങൾ അവയിൽ പ്രധാനമാണ്.

ഡങ്കൽ നിർദ്ദേശങ്ങളുടെ സ്വഭാവവും പ്രത്യാഘാതങ്ങളും പരിശോധിക്കുന്നതിന് ഈ പാശ്ചാത്തലം പ്രധാനമാണ്. വാണിജ്യ ചർച്ചകളുടെ മറവിൽ അവികസിത രാഷ്ട്രങ്ങളുടെ വളർച്ചയെ പ്രതിരോധിക്കുന്നതിനും അവയെ ആശ്രിതത്വത്തിന്റെയും സാമ്പത്തിക പരാധീനതകളുടെയും കുരുക്കുകളിൽ പെടുത്തുന്നതുമായ നിബന്ധനകളാണ് ഡങ്കൽ സമർപ്പിച്ചിരിക്കുന്നത്. അവ സ്വീകരിച്ചാൽ സ്വയം ബന്ധനസ്ഥരാകുക എന്നതാണ് അതിന്റെ അർത്ഥം.അവയെ തള്ളിയാൽ അന്താരാഷ്ട്ര വാണിജ്യ വ്യവസ്ഥയിൽ നിന്നു തന്നെ പുറുത്തു പോകേണ്ടിവരും.

## ഡങ്കൽ നിർദേശങ്ങൾ—പൊതുരൂപം

ഡങ്കൽ നിർദ്ദേശങ്ങൾ പ്രധാനമായും താഴെപ്പറയുന്ന മേഖലകളിലാണുള്ളത്.

1. മാർക്കററ് പ്രവേശനം (Market Access)
2. കൃഷി.

3. വാണിജ്യവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങൾ (Trade Related Intellectual Property Rights—TRIPS)

4. വാണിജ്യവുമായി ബന്ധപ്പെട്ട നിക്ഷേപ നടപടികൾ (Trade Related Investment Measures—TRIMS)

5. സേവനങ്ങളുടെ വാണിജ്യം സംബന്ധിച്ച പൊതു കരട് (General Agreement on Trade in Services—GATS)

6. സ്ഥാപനപരമായ കാര്യങ്ങൾ (Institutional Matters)

7. ഗാട്ട് നിയമങ്ങൾ

ഇന്ത്യയെപ്പോലുള്ള വികസ്വര രാഷ്ട്രങ്ങൾ 1993 നകം മൊത്തം ആഭ്യന്തര ഉപഭോഗത്തിന്റെ 2 ശതമാനം വിദേശ കുത്തകകൾക്കായി തുറന്നിടണമെന്ന് ഡങ്കൽ രേഖ അനുശാസിക്കുന്നു. ഇത് 2003-ാം മാണ്ടിനകം 3.33 ശതമാനമായി വർദ്ധിപ്പിക്കണം. ഇതിനുതകുന്ന വിധത്തിൽ താരിഫ് നിബന്ധനകൾ വെട്ടിക്കുറക്കുന്ന കാര്യം ഉടനടി പരിഗണിക്കണമെന്ന് ഡങ്കൽ ആവശ്യപ്പെടുന്നു.

കാർഷിക രംഗത്ത് ഡങ്കലിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഉല്പാദന മൂല്യത്തിന്റെ 10 ശതമാനത്തിലധികം സ്റ്റേററ് സഹായമായി ലഭിക്കുന്ന രാഷ്ട്രങ്ങളിൽ കർഷകർക്ക് നൽകുന്ന താങ്ങുവില 13.3 ശതമാനം കണ്ട് കുറയ്ക്കണം.

2. കാർഷിക ഉല്പാദകർക്ക് നൽകുന്ന എല്ലാ സബ്സിഡികളും 1999-നകം 20 ശതമാനം കണ്ട് കുറയ്ക്കണം. അതിൽ വളരെ കുറഞ്ഞ വരുമാനമുള്ളവരും വിഭവശേഷിയിൽ ദരിദ്രരുമായവരെ മാത്രമാണ് ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നത്.

3 പൊതുവിതരണ സമ്പ്രദായം പോഷകാഹാര സംബന്ധമായി വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങൾക്കു മാത്രം നടപ്പിലാക്കാവുന്നതാണ്.

4. സർക്കാർ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നത് നിലവിലുള്ള അങ്ങാടി വിലയിലായിരിക്കണം. ക്ഷാമകാലത്ത് നിലനിർത്തുന്ന ബഫർ സ്റ്റോക്കുകളുടെ കാര്യത്തിലും ഇത് ബാധകമാണ്.

5. വികസിത രാഷ്ട്രങ്ങൾക്കുള്ള കയററുമതി സബ്സിഡി എടുത്തുകളയുന്നില്ല. കയററുമതിയിൽ നിന്നുള്ള അവരുടെ ബഡ്ജററ് വിഹിതം 36 ശതമാനം 1999 നകം കുറച്ചാൽ മതി.

ഡങ്കലിന്റെ നിർദ്ദേശങ്ങളിൽ ഇന്ത്യയെ ഏററവും ഗൗരവമായി ബാധിക്കുന്ന നിർദ്ദേശങ്ങളാണിവ. ഇത് സ്വീകരിച്ചാൽ ഇന്ന് ഇന്ത്യയിൽ കാർഷികരംഗത്തുള്ള ധനസഹായം—സബ്സിഡി പദ്ധതികൾ മുഴുവൻ ഉപേക്ഷിക്കേണ്ടിവരും. ജലസേചനം, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയ്ക്കുള്ള സബ്സിഡികൾ മററു തരത്തിലുള്ള ധനസഹായ പദ്ധതികൾ എന്നിവയെല്ലാം പിൻവലിക്കപ്പെടും. മൊത്തത്തിൽ ഇന്ന് നിലവിലുളള പൊതുവിതരണ സമ്പ്രദായം ഉപേക്ഷിക്കപ്പെടുകയും പോഷകാഹാരക്കുറവുളള പ്രദേശങ്ങളിൽ മാത്രമായി അതു ചുരുക്കപ്പെടുകയും ചെയ്യും.

ഉദാഹരണത്തിന് കേരളത്തിലെ സ്റ്റാററ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇല്ലാതാകും. ഭക്ഷ്യസംഭരണം അന്നന്നത്തെ അങ്ങാടി വിലയെ ആശ്രയിക്കുന്നത് ബഫർ സ്ററോക്കുകളെ ബാധിക്കുന്നത് കൂടാതെ ധാന്യവിലയെ മൊത്തം സ്വാധീനിക്കും.

ഡങ്കൽ നിർദ്ദേശങ്ങളിലെ ഏററവും പ്രധാനപ്പെട്ട ഭാഗമാണ് വാണിജ്യവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങൾ.

പേററൻറുകളുടെ കാലാവധി എല്ലാ രാഷ്ട്രങ്ങളിലും ഏററവും കുറഞ്ഞത് 20 വർഷമായിരിക്കും.

സൂക്ഷ്മ ജീവികൾ, സൂക്ഷ്മ ജീവശാസ്ത്രപരമായ പ്രക്രിയകൾ എന്നിവ പേററൻറിൽപ്പെടുത്തും.

വൈവിധ്യമാർന്ന സസ്യങ്ങളുടെ സംരക്ഷണം പേററൻറുകൾ വഴിയോ തത്തുല്ല്യമായ ഫലപ്രദമായ സംരക്ഷണ മാർഗങ്ങൾ വഴിയോ നടത്തും.

നിർബന്ധിത ലൈസൻസുകൾ നൽകുന്നതിനുള്ള സംവിധാനം നിർദ്ദേശിച്ചിട്ടില്ല. പേററൻറ് ഉപയോഗിക്കുന്നയാൾ പേററൻറുടമയിൽ നിന്ന് വാണിജ്യ വ്യവസ്ഥകൾക്കനുസരിച്ച അധികാരപത്രം വാങ്ങാനായി ശ്രമം നടത്തുകയും അത്തരത്തിലുളള ശ്രമങ്ങൾ വിജയിക്കാതിരിക്കുകയും ചെയ്തതായി തെളിഞ്ഞാൽ മാത്രമേ ഇത്തരം ലൈസൻസുകൾ നൽകാവൂ.

പേററൻറുടമയുടെ അനുവാദമില്ലാതെ തത്തുല്ല്യമായ വസ്തു ഉൽപാദിപ്പിക്കുകയാണെങ്കിൽ പേററൻറു ചെയ്ത പ്രക്രിയ വഴി ഉത്പാദിപ്പിച്ചതായി കണക്കാക്കപ്പെടും. ഇവിടെ പേററൻറവകാശത്തെ ലംഘിച്ചതായി പേററൻറുടമ പരാതി കൊടുക്കുകയാണെങ്കിൽ, ആ പരാതി തെററാണെന്ന് തെളിയിക്കേണ്ടതിന്റെ ചുമതല പ്രതിയുടേതാണ്.

പ്രക്രിയ പേററൻറുകൾ ഇന്ന് ഉപയോഗിക്കുന്ന രാഷ്ട്രങ്ങൾക്ക് ഉൽപന്ന പേററൻറുകളിലേയ്ക്ക് മാറാൻ പത്തു വർഷം ലഭിക്കും.

2003 ജനുവരി ഒന്നു മുതൽ പുതിയ പേററൻറ് നിർദ്ദേശങ്ങൾ അനുസരിക്കപ്പെടും.

എങ്കിലും 1993 മുതൽ പേററൻറ് അപേക്ഷകൾ നൽകാം. പേററൻറ് അനുവദിച്ചതു മുതൽ അഞ്ചുവർഷത്തേയ്ക്ക് സമ്പൂർണ വിപണനാവകാശങ്ങൾ പേററൻറുടമയ്ക്ക് ലഭിക്കും.

മുൻ കാണിച്ച നിർദ്ദേശങ്ങളെല്ലാം ആഗോള തലത്തിൽ നടപ്പിലാക്കേണ്ടതാണെന്ന് ശ്രദ്ധേയമാണ്. മുമ്പ് പാരിസ് കൺവെൻഷനിൽ അംഗമായ രാഷ്ട്രങ്ങൾക്കു പോലും ദേശീയ പ്രത്യേകതകൾ അനുസരിച്ച് പേററൻറ് നിബന്ധനകളിൽ മാററം വരുത്താൻ അനുവാദമുണ്ടായിരുന്നു. ഇപ്പോൾ ബൗദ്ധിക സ്വത്തിൻെറ മേൽ വ്യത്യസ്ത രാഷ്ട്രങ്ങൾക്കുള്ള നിയന്ത്രണം എടുത്തുകളഞ്ഞിരിക്കുകയാണ്. അതുപോലെ ഏതെല്ലാം കാര്യങ്ങൾ പേററൻറുകളിൽ പെടുത്തരുതെന്നും ഡങ്കൽ തന്നെ നിർദേശിക്കുന്നതുകൊണ്ട് അക്കാര്യത്തിലും രാഷ്ട്രങ്ങൾക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു.

ഇന്ത്യയെപ്പോലുള്ള വികസ്വര രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ഉൽപന്നങ്ങളേയും ഉൽപന്ന പേററൻറുകളിൽ ഉൾപ്പെടുത്താനുള്ള നിർദേശം വളരെയധികം ദോഷം ചെയ്യും. ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ, രാസവസ്തുക്കൾ മുതലായവയ്ക്ക് ഉൽപന്ന പേററൻറുകൾ ഏർപ്പെടുത്തിയാൽ ദേശീയ താൽപര്യങ്ങളും വിഷയങ്ങളുമനുസരിച്ച് മെച്ചപ്പെട്ട പ്രക്രിയകൾ വഴി ഇത്തരം സാധനങ്ങളുണ്ടാക്കാനുള്ള നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും.

മരുന്നു വ്യവസായത്തിന് പ്രത്യേകിച്ചും ഇത് കനത്ത തിരിച്ചടിയായിരിക്കും. ഇന്ന് ലോകത്തിൽ ഏററവും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്ന രാഷ്ട്രം ഇന്ത്യയാണ്. മരുന്നു വിലകൾ വൻതോതിൽ വർധിക്കുമെന്നു മാത്രമല്ല, ഇന്ത്യൻ ആരോഗ്യ വ്യവസ്ഥയ്ക്ക് യോജിക്കാത്ത മരുന്നുകളുടെ വിപണനം ഇവിടത്തെ ആരോഗ്യപരിപാലന സമ്പ്രദായങ്ങളെ ഹാനികരമായി ബാധിക്കും.

കാർഷിക വ്യാവസായിക മേഖലകളിൽ രൂപപ്പെടുത്തുന്ന വാണിജ്യ നിയമങ്ങൾ സേവനമേഖലയിലേക്കുകൂടി വ്യാപിപ്പിക്കുക എന്നതാണ് GATS ൻെറ ലക്ഷ്യം. ബാങ്കിങ്, ഇൻഷൂറൻസ്, ഗതാഗതം, ടെലികമ്യൂണിക്കേഷൻ, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവയെല്ലാം ഇതിൽപെടുന്നു. കൃഷിയെയും TRIPS-നെയും സംബന്ധിച്ച നിബന്ധനകൾ ഇതിനു ബാധകമാണ്. എന്നാൽ ഗവൺമെൻറിൻെറ രേഖ പറയുന്നത് TRIMS-നെപ്പോലെ വിദേശ സർവ്വീസ് കോർപ്പറേഷനു

കളെ ഇന്ത്യയിലേക്കു പ്രവേശനം നൽകുവാനും ദേശീയ നിർവഹണാധികാരം നൽകാനുമുള്ള വ്യവസ്ഥകളില്ലെന്നാണ്. എങ്കിലും നിർദേശങ്ങളുടെ വിശദാംശങ്ങൾ കാണിക്കുന്നത്, പരസ്പര കരാറുകളുടെ അടിസ്ഥാനത്തിൽ സേവന കുത്തകകളെ ക്ഷണിച്ചുവരുത്താനും ദേശീയ നിർവഹണാധികാരം നൽകാനും സാധിക്കുമെന്നാണ്.

സേവന മേഖലകളിൽ വാണിജ്യം നടത്തുന്നവരുടെ നിയന്ത്രണാധികാരം ശക്തിപ്പെടുത്തുന്നതാണ് ഡങ്കൽ നിർദേശങ്ങൾ. ഓരോ രാഷ്ട്രത്തിലും സേവനത്തിന്റെ വാണിജ്യത്തെ ബാധിക്കുന്ന നിയമങ്ങളിൽ വരുന്ന എല്ലാ പുതിയ നിയമങ്ങളും വാണിജ്യം നടത്തുന്നവരെ അറിയിച്ച് അവരുടെ അംഗീകാരം വാങ്ങേണ്ടതാണ്. വാണിജ്യം നടത്തുന്നവരുടെ കൈയിൽ അവരുടെ വാണിജ്യത്തെ, ബാധിക്കുന്ന രഹസ്യ വിവരങ്ങൾ ഒരു കാരണവശാലും ഗവൺമെൻറിനേയോ മററുള്ളവരേയോ അറിയിക്കേണ്ടതില്ല. സേവന മേഖലകളെ സംബന്ധിച്ച കരാർ ആഭ്യന്തര സേവന മേഖലകൾക്കും ബാധകമാണ്. ഏതെങ്കിലും സേവനമേഖലയെ ജനതാൽപര്യങ്ങൾക്കനുസൃതമായി പിന്തുണയ്ക്കാനുള്ള ഗവൺമെൻറിന്റെ ശ്രമങ്ങൾ GATS-ലെ നിബന്ധനകൾക്കെതിരായി കണക്കാക്കാവുന്നതാണ്. അവസാനമായി, അധാർമികമായ സേവന വ്യാപാരത്തിനെതിരായി ഒരക്ഷരം പോലും ഡങ്കൽ നിർദ്ദേശങ്ങളിലില്ല. മാധ്യമങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിലെ അധാർമികതകളെ നിയന്ത്രിക്കുക ഡങ്കൽ നിർദേശങ്ങളിൽ നിന്നുകൊണ്ട് അസാധ്യമാണ്.

ഇന്ത്യയിലെ ബാങ്കിങ് വ്യവസായത്തെക്കുറിച്ച് അടുത്തയിടെ സമർപ്പിക്കപ്പെട്ട നരസിംഹം കമ്മിററി റിപ്പോർട്ട് ഈ പശ്ചാത്തലത്തിൽ ശ്രദ്ധേയമാണ്. ലാഭാധിഷ്ഠിതമല്ലാത്ത വിധത്തിൽ വായ്പകൾ നൽകുമെന്നും ബ്രാഞ്ചുകൾ യഥേഷ്ടം തുറക്കണമെന്നും ബാങ്കിങ് മേഖലയിലെ സ്വകാര്യവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കണമെന്നുമാണ് നരസിംഹം കമ്മിററി നിർദേശിക്കുന്നത്. വിദേശബാങ്കിങ്ങും ക്രെഡിററും ഇന്ത്യയിൽ കടന്നുവരാനനുവദിക്കുന്ന നിർദേശങ്ങളും അതിലുണ്ട്. നരസിംഹം റിപ്പോർട്ട് GATS-ന്റെ നിബന്ധനകളുടെ ഫലമായി ബാങ്കിങ്ങ് മേഖലയിലുണ്ടാകുന്ന മാററങ്ങളുടെ സൂചികയാണ്.

## സ്ഥാപനപരമായ മാററങ്ങൾ

ഡങ്കൽ നിർദേശങ്ങളിലെ സ്ഥാപനപരമായ ഘടകങ്ങൾ പ്രധാനമായി രണ്ടെണ്ണമാണ്.

1 GATT, TRIPS, GATS കരാറുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതു സ്ഥാപനപരമായ ചട്ടക്കൂടു നൽകുന്നതിനായി ഒരു വാണിജ്യ സംഘടനയുടെ സ്ഥാപനം (Multilateral Trading Organisation—MTO) നിർദേശിക്കപ്പെട്ടിരിക്കുന്നു.

2 തർക്കപരിഹാരങ്ങൾക്ക് ഒരു പൊതു സംവിധാനം. അതിലെ ഏററവും പ്രധാന ഘടകം വിരുദ്ധ പ്രതിക്രിയ (Cross-retaliation) യ്ക്കുള്ള നിർദ്ദേശങ്ങളാണ്.

ഐക്യരാഷ്ട്ര സഭയുടെ കീഴിൽ അൺക്ടാഡ് നിലവിലിരിക്കെയാണ് ഒരു പുതിയ വാണിജ്യ സംഘടനയ്ക്ക് രൂപം നൽകുന്നത്. അന്താരാഷ്ട്ര തലത്തിലുള്ള വാണിജ്യത്തെ മുഴുവൻ നിയന്ത്രിക്കുക മാത്രമല്ല, ഇതിനെ സംബന്ധിച്ച എല്ലാ നിയമങ്ങളും അവകാശങ്ങളും രാഷ്ട്രങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് മാററിയെടുക്കുക എന്നതു കൂടി MTO—യുടെ ലക്ഷ്യമാണ്. വികസിത രാഷ്ട്രങ്ങളുടെയും ബഹുരാഷ്ട്ര കുത്തകകളുടേയും ആഗോള നിയന്ത്രണത്തിനുള്ള ഉപകരണമായി ഐ. എം. എഫിനും ലോകബാങ്കിനുമൊപ്പം MTO-യും സ്ഥാനം പിടിക്കും. MTO-യുടെ ഘടനയുടെ ഭാഗമായി നിർദേശിച്ചിട്ടുള്ളത് ഒരു മിനിസ്റ്റീരിയൽ കോൺഫറൻസ് (വാണിജ്യ മന്ത്രിമാരുടെ സമ്മേളനം), ജനറൽ കൗൺസിൽ, ഗുഡ്സ് കൗൺസിൽ, സർവീസസ് കൗൺസിൽ, TRIPS കൗൺസിൽ എന്നിവയാണ്. GATT, GATS, TRIPS കരാറുകളിലെ തർക്കപരിഹാരത്തിനുള്ള പൊതു നടപടി ക്രമങ്ങളും MTO-യുടെ കീഴിലായിരിക്കും.

MTO-യിലൂടെ വികസിത രാഷ്ട്രങ്ങൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും ലഭിക്കുന്ന പ്രധാന ആയുധം തർക്കപരിഹാരത്തിനുള്ള നടപടിക്രമങ്ങളായിരിക്കും. വിരുദ്ധ പ്രതിക്രിയയെ ആശ്രയിച്ചായിരിക്കും ഈ നടപടിക്രമങ്ങൾ. മുൻപറഞ്ഞ കരാറുകളിലെ ഏതെങ്കിലും ഭാഗം ലംഘിക്കപ്പെടുകയാണെങ്കിൽ അതിനെതിരായി സ്വീകരിക്കപ്പെടുന്ന ഉപരോധ നടപടിക്കാണ് വിരുദ്ധ പ്രതിക്രിയ (Cross retaliation) എന്നു പറയുന്നത്. ഗാട്ട് ചർച്ചകൾക്കിടയിൽ അമേരിക്ക ഇന്ത്യയ്ക്കെതിരെ ഉപയോഗിക്കുമെന്നു ഭീഷണിപ്പെടുത്തിയ സ്പെഷ്യൽ 301 എന്ന പ്രതിക്രിയയെ ആഗോള നടപടിയാക്കി മാററുകയാണ് ഇവിടെ ചെയ്യുന്നത്.

## ആഗോള നിയന്ത്രണത്തിൻെറ രൂപരേഖ

ഡങ്കൽ നിർദ്ദേശങ്ങൾ സമഗ്രമായി പരിശോധിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകും.

1. ബൗദ്ധിക സ്വത്തവകാശം, കൃഷി, വ്യവസായം, സേവന മേഖല കരം, വാണിജ്യം എന്നിവയിലേർപ്പെടുത്തുന്ന നിയന്ത്രണത്തിലൂടെ വികസിത രാഷ്ട്രങ്ങളുടേയും ബഹുരാഷ്ട്ര കുത്തകകളുടേയും ആധിപത്യമുറപ്പിക്കാൻ ശ്രമിക്കുന്നു. I. M. F., ലോകബാങ്ക് എന്നിവ യോടൊപ്പം M. T. O. യും ലോകാധിപത്യത്തിനുള്ള ശ്രമത്തിൽ പങ്കാളിയാവുന്നു.

2. ഇന്ത്യയെപ്പോലെയുള്ള അവികസിത രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയേയും രാഷ്ട്രീയ പരമാധികാരത്തേയും തങ്ങൾക്കനുകൂലമായ വിധത്തിൽ രൂപപ്പെടുത്താൻ വ്യാവസായികോല്പാദനത്തിലും ശാസ്ത്ര സാങ്കതികവിദ്യകളിലും നേടിയ മേൽക്കോയ്മ ഉപയോഗിച്ച് വികസിത രാഷ്ട്രങ്ങൾ ശ്രമിക്കുന്നു.

3. വികസിത രാഷ്ട്രങ്ങളുടെ ആഗോളാധിപത്യത്തിനു വിധേയരാകാൻ കൂട്ടാക്കാത്ത രാഷ്ട്രങ്ങളെ സാമ്പത്തിക ഉപരോധത്തിൻെറ മാർഗമുപയോഗിച്ച് ശിക്ഷിക്കാൻ ശ്രമിക്കുന്നു.

ഡങ്കൽ നിർദ്ദേശങ്ങളെ ഒരൊററ പാക്കേജായിസമർപ്പിക്കുന്നതിൻെറയും ലക്ഷ്യം മറെറാന്നല്ല. ഒന്നുകിൽ വികസിത രാഷ്ട്രങ്ങളുടെ ആധിപത്യം അംഗീകരിക്കുക അല്ലെങ്കിൽ പുറത്തുപോവുക എന്നതാണ് ഇതിൻെറ ലക്ഷ്യം. പരമാധികാര രാഷ്ട്രങ്ങളുടെ അധികാരങ്ങളെ കവർന്നെടുത്ത് സ്വന്തം സാമ്പത്തിക കോയ്മ ശക്തിപ്പെടുത്താനുള്ള നീക്കങ്ങൾ ആഗോള തലത്തിൽ ഒരു പുനർ കോളനിവല്കരണത്തിന് (Re-Colonisation) തുടക്കമിട്ടിരിക്കുന്നു.

## ഡങ്കൽ നിർദ്ദേശങ്ങളും നരസിംഹം റിപ്പോർട്ടും

ഡങ്കൽ നിർദ്ദേശങ്ങളോടൊപ്പം സേവനങ്ങളുടെ വാണിജ്യം സംബന്ധിച്ച പൊതുകരാർ (G A T S) എന്ന ഭാഗത്തോട് പൂർണമായും യോജിച്ചുകൊണ്ടുള്ളതാണ്. ഇന്ത്യൻ ധനകാര്യമേഖലയിൽ നടപ്പാക്കാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നരസിംഹം കമ്മററി ശുപാർശകൾ. ഇന്ത്യയിലെ ധനകാര്യ മേഖലയെക്കുറിച്ച് പൊതുവിലും വാണിജ്യ ബാങ്കുകളുടെയും മററു ധനകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി റിസർവ്ബാങ്കിൻെറ ഗവർണർ എം. നരസിംഹത്തിൻെറ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ 1991-ആഗസ്റ്റിൽ ഒരു കമ്മിററിയെ നിയോഗിക്കുകയുണ്ടായി. നരസിംഹം റിപ്പോർട്ടിലെ നിഗമനങ്ങളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

1. ബാങ്കുകളുടെ ലക്ഷ്യം ലാഭമുണ്ടാക്കലാകണം. ഇതിന് പ്രചോദനം നൽകുമാറ് മേലിൽ ബാങ്ക് ദേശസാൽക്കരണം ഉണ്ടാകില്ലെന്ന് സർക്കാർ ഉറപ്പ് നൽകണം. പൊതു അംഗീകാരമുള്ള ബാങ്കുകൾക്ക് സ്വന്തമായി വിപണിയിൽ നിന്ന് മൂലധനം സ്വരൂപിക്കാൻ കഴിയണം. സ്വകാര്യബാങ്കുകളും പൊതുമേഖലാ ബാങ്കുകളും തമ്മിൽ നിലവിലുള്ള അന്തരം ഒഴിവാക്കണം. രണ്ടിനേയും ഒരേപോലെ കാണണം. പുതുതായി സ്വകാര്യ ബാങ്കുകൾ ആരംഭിക്കാൻ അനുമതി നൽകണം.

2. വിദേശ ബാങ്കുകൾക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അവയ്ക്ക് ഇന്ത്യൻ ബാങ്കുകൾക്ക് ഇല്ലാത്ത പ്രത്യേക നിബന്ധനകൾ വേണ്ടതില്ല. മൂന്നു നാലു ബാങ്കുകൾ രാഷ്ട്രാന്തരീയ തലത്തിലും പത്തോളം ബാങ്കുകൾ ദേശീയതലത്തിലും ബാക്കി പ്രാദേശിക തലത്തിലും പ്രവർത്തിക്കണം.

3. ബാങ്കിങ്ങ് പ്രവർത്തനങ്ങൾ മുഴുക്കെ ലാഭനഷ്ടത്തെ അടിസ്ഥാനമാക്കി തീരുമാനിക്കണം. ശാഖകൾ ആരംഭിക്കാനും നിർത്തലാക്കാനും സർക്കാർ നിബന്ധനകളോ സാമൂഹ്യ പരിഗണനകളോ അല്ല, കമ്പോള ലാഭമായിരിക്കണം മാനദണ്ഡം. ബ്രാഞ്ച് ലൈസൻസിങ്ങ് സമ്പ്രദായം നിർത്തലാക്കണം.

4. സർക്കാരിൻെറ നിയന്ത്രണങ്ങളായ എസ്. എൽ. ആർ. (റിസർവ് ബാങ്കിൽ നിയമപ്രകാരം വെക്കേണ്ട കരുതൽ ദ്രവ്യം) സി. ആർ. ആർ. (പണമാക്കാനുള്ള കരുതൽ നിക്ഷേപം) എന്നിവ യഥാക്രമം ബാങ്ക് നിക്ഷേപത്തിൻെറ 25 ശതമാനവും 10 ശതമാനവുമായി ചുരുക്കണം. റിസർവ് ബാങ്കും ധനമന്ത്രാലയത്തിലെ ബാങ്കിംഗ് ഡിവിഷനും ഇപ്പോൾ ബാങ്കുകളുടെ മേൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളിൽ കേന്ദ്ര മന്ത്രാലയത്തിൻെറ നിയന്ത്രണങ്ങൾ ഒഴിവാക്കണം. ബാങ്കിലെ നിയമനങ്ങൾ പ്രത്യേകിച്ചും ഓഫീസർ നിയമനങ്ങൾ ബാങ്കിംഗ് സർവീസ് റിക്രൂട്ട്മെൻറ് ബോർഡ് വഴി വേണ്ടതില്ല.

5. ദരിദ്രർക്ക് നൽകുന്ന പരിഗണന വായ്പക്ക് തോത് ഇന്നത്തെ 40ശതമാനത്തിൽ നിന്ന് 10ശതമാനമായി ചുരുക്കണം.പരിഗണനാ മേഖലയെന്നതു തന്നെ പുനർനിർവചിക്കണം. ബാങ്ക് വായ്പയുടെ വലിയ ഭാഗം വാണിജ്യ-വ്യവസായരംഗത്തേക്ക് നൽകണം, സാമൂഹ്യ പരിഗണനയല്ല, കമ്പോളത്തിൻെറ ആവശ്യമായിരിക്കണം അടിസ്ഥാനമാനദണ്ഡം.

ഇത്തരം നിഗമനങ്ങളിലെത്തിക്കാൻ കമ്മിററിക്ക് ചില ന്യായീകരണങ്ങളുണ്ട്. എസ്. എൽ. ആർ, സി. ആർ. ആർ. എന്നിവ ഉല്പാദനക്ഷമമായ വായ്പ കൊടുക്കുന്നതിന് ബാങ്കുകൾക്ക് തടസ്സമാകുന്നു.

ബാങ്കുകളുടെ പണം ഉപയോഗിച്ച് സർക്കാരിൻെറ ഉപഭോഗചെലവുകഠം നിറവേററുകയാണ് ഇന്നു നടക്കുന്നത്. എസ്. എൽ. ആർ, സി. ആർ. ആർ. എന്നിവ കഴിച്ചുള്ള തുകയിൽ സർക്കാർ നിബന്ധനകളനുസരിച്ച് 40 ശതമാനം മുൻഗണനാ മേഖലയിലെ ദരിദ്രർക്കും പിന്നോക്ക ജനങ്ങഠംക്കും നൽകേണ്ടതുണ്ട്. ഇതിൻെറ ഫലമായി ബാങ്കിംഗ് മൂലധനത്തെ വൻതോതിൽ ആശ്രയിച്ചുവരുന്ന വ്യവസായ-വാണിജ്യ മേഖലയിലും മററും ചെലവഴിക്കുന്നതിനാൽ അതിൽ നിന്നത്ര ലാഭം കിട്ടുന്നില്ല. അതിനാൽ സ്വകാര്യ സമ്പാദ്യത്തിന് കുറഞ്ഞ പലിശ മാത്രമേ നൽകാൻ കഴിയുന്നുള്ളൂ. മാത്രമല്ല, കഴിഞ്ഞ രണ്ട് ദശാബ്ദമായി ഗ്രാമീണ മേഖലയിൽ ഉണ്ടായ ബാങ്കിംഗ് വളർച്ച വേണ്ടത്ര ലാഭകരമായിരുന്നില്ല.

കഴിഞ്ഞ 20 വർഷത്തിനിടയിൽ ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ വൻ മാററങ്ങളുണ്ടായിട്ടുണ്ട്. സ്വകാര്യ ബാങ്കുകളുടെ ദേശസാൽക്കരണമായിരുന്നു ഈ മാററങ്ങഠംക്ക് ആധാരം. ബാങ്കുകളുടെ ശാഖകഠം, അതും ഗ്രാമീണ ശാഖകഠം വൻതോതിൽ വർദ്ധിച്ചു. 1971-ൽ 65,000 പേർക്ക് ഒരു ശാഖയായിരുന്നത് 1991-ൽ 12,000 പേർക്ക് ഒരു ശാഖ എന്ന നിലയിലേക്കെത്തി. പാവപ്പെട്ട ജനങ്ങഠംക്കും പിന്നോക്ക വിഭാഗക്കാർക്കും ബാങ്ക് വായ്പയിൽ വിഹിതംകിട്ടി. നാമമാത്രമെങ്കിലും പലതരം പരിഗണനകളും മുൻഗണനകളും അവർക്കുണ്ടായി. അതുവരെ അവഗണിക്കപ്പെട്ട വിഭാഗത്തിലേക്ക് ബാങ്കിംഗ് പ്രവർത്തനങ്ങഠം വ്യാപിച്ചു. ഇടത്തട്ടുകാരായ ഹുണ്ടിക കച്ചവടക്കാരുടെ സ്വാധീനം കുറഞ്ഞു. ബീഹാർ, ഒറീസ്സ, മദ്ധ്യപ്രദേശ് തുടങ്ങിയ പിന്നോക്ക സംസ്ഥാനങ്ങളിൽ പ്രകടമായ മാററങ്ങളുണ്ടായെന്ന് കാണിക്കുന്നു. ഈ നേട്ടങ്ങളെല്ലാം ഇല്ലാതാക്കുന്നവിധം രാജ്യത്ത് ഇപ്പോഠം നടപ്പാക്കി വരുന്ന സാമ്പത്തിക പരിഷ്കാരങ്ങഠംക്ക് അനുപൂരകമായി ബാങ്കിംഗ് ധനകാര്യ മേഖലയെ എങ്ങനെ മാററിത്തീർക്കാമെന്ന് നിർദ്ദേശമാണ് നരസിംഹം കമ്മിററിയുടേത്.

നേരത്തെ സൂചിപ്പിച്ചതുപോലെ ശരാശരി 600 ശതമാനത്തിൻെറ വളർച്ച ബ്രാഞ്ച് വ്യാപനത്തിൽ 20 വർഷങ്ങഠംക്കിടയിൽ ഉണ്ടാക്കാൻ കഴിഞ്ഞത്, സർക്കാർ കൈക്കൊണ്ട ചില പുരോഗമന നടപടികളുടെ ഫലമായിട്ടായിരുന്നു. ഗ്രാമ-നഗര വ്യത്യാസമില്ലാതെ സന്തുലിത ബാങ്കിംഗ് വളർച്ച ഉറപ്പാക്കാനും ദരിദ്ര ജനങ്ങളുടെ ഉന്നമനത്തെ സഹായിക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും ബാങ്കുകളുടെ ദേശസാൽക്കരണത്തിലൂടെയും അതുവഴിയുള്ള സാമൂഹ്യ നിയന്ത്രണങ്ങളിലൂടെയും കഴിഞ്ഞിരിക്കുന്നു. ഇന്ന് നിലവിലുള്ള ഗ്രാമീണ ശാഖകഠം മിക്കതും പത്തുവർഷത്തിൽ കുറഞ്ഞതും 'ബിസിനസിൽ' വേണ്ടത്ര പുരോഗമി

ച്ചിട്ടില്ലാത്തവയുമാണ്. ഇക്കാരണത്താൽ ഇവ നിർത്തലാക്കുന്നത് സന്തുലിത ബാങ്കിംഗ് വ്യവസ്ഥയെ പൂർണമായും നിരാകരിക്കലാവും. ബാങ്ക് പ്രവർത്തനങ്ങളുടെ സാമൂഹ്യ പ്രാധാന്യം ഉൾക്കൊള്ളാതെ വിപണി ലാഭത്തെ മാത്രം ലക്ഷ്യമാക്കുന്നത് അശാസ്ത്രീയമാണെന്ന് നേരത്തെ നിയോഗിച്ചിരുന്ന ചക്രവർത്തി, ഖുശ്രു കമ്മിററികൾ ചൂണ്ടിക്കാട്ടിയ കാര്യം പോലും നരസിംഹം കമ്മിററി മുഖവിലക്കെടുക്കുന്നില്ല.

ബാങ്കുകളുടെ ദേശസാൽക്കരണം ഇന്ത്യൻ ധനകാര്യ മേഖലയിലെ ചരിത്രപ്രധാനമായൊരു കാൽവെപ്പായിരുന്നു. അതുവരെ കുത്തക കുടുംബങ്ങളുടെ സ്വകാര്യ സ്വത്തായി ഏതാനും നഗരങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന ഇന്ത്യയിലെ ബാങ്കിംഗ് വ്യാപാരം രാജ്യത്തിന്റെ എല്ലാ മുക്കിലും മൂലയിലേക്കും വ്യാപിച്ചു. സാധാരണ ജനങ്ങൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും അവസരങ്ങളും ലഭ്യമായി. എത്രയോ സാധാരണക്കാർ ബാങ്കിൽ ജോലിക്കാരായി.

ദരിദ്ര ജനവിഭാഗങ്ങൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കേവലം നാലിലൊന്നായി ചുരുങ്ങും. ഏതാണ്ട് 55,000 കോടി രൂപ ഈ ഇനത്തിൽ ഇപ്പോൾ ബാങ്കുകൾ വിതരണം ചെയ്യുന്നുണ്ട്. അത് കേവലം 14,000 കോടി രൂപയുടെതായി ചുരുങ്ങും. ബാക്കി 41,000 കോടി രൂപ സമ്പന്നർക്ക് 'വ്യവസായം' നടത്താൻ നൽകും. ഇന്ന് മുൻഗണനാ വായ്പയിൽ പതിനെട്ടു ശതമാനം കൃഷിക്കാണ്. സ്വയം തൊഴിൽ കണ്ടെത്തൽ, ഗ്രാമീണ വ്യവസായം, ചെറുകിട കച്ചവടം, മൃഗപരിപാലനം എന്നിവക്കൊക്കെ കിട്ടിക്കൊണ്ടിരുന്ന വായ്പകൾ ജനങ്ങളുടെ പ്രത്യേകിച്ചും ഗ്രാമീണ ജനങ്ങളുടെ ജീവിതത്തിൽ വലിയൊരാശ്വാസമാണ്. ഇവ നാലിലൊന്നായി ചുരുങ്ങുകയും അതിൽ വിവേചനം വരികയും ചെയ്യുന്നതോടെ താഴ്ന്ന ഇടത്തരക്കാരൊക്കെ പുറന്തള്ളപ്പെടും. പഴയ ബ്ലേഡു കമ്പനികൾ ശക്തിയായി തിരിച്ചുവരും. ബാങ്ക് പലിശകൾ തന്നെ ഉയർന്ന നിരക്കിലായതിനാൽ ബ്ളേഡ് കമ്പിനികളുടെത് സ്വഭാവികമായും കൊള്ളലാഭമാവും. ഇതോടൊപ്പം താങ്ങാനാവാത്ത വിലക്കയററം കൂടിയാകുമ്പോൾ ജനജീവിതം പാടെ തകരും.

## സാമ്പത്തിക നയങ്ങൾ—അന്നും ഇന്നും

ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി ഇത്രയും വഷളായത് 1980-ലാണ്. സ്വാതന്ത്ര്യാനന്തര കാലത്ത് ആനുവർത്തിച്ചുവന്ന ആസൂത്രണ പ്രക്രിയയുടെ ഉള്ളടക്കം ന്യൂനപക്ഷം വരുന്ന കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതായിരുന്നുവെങ്കിലും അക്കാലത്ത് നടപ്പാക്കിയ

സാമ്പത്തിക-വ്യാവസായിക നയങ്ങളുടെ പൊതുസമീപനം വിദേശ ശക്തികൾക്കു കീഴടക്കാവുന്ന രീതിയിലായിരുന്നില്ല. പൊതുവെ ഇറക്കുമതി ബദലായ ഒരു സാമ്പത്തിക നയമായിരുന്നു നെഹ്രുവിന്റെ കാലത്ത് നടപ്പാക്കിയിരുന്നത്. ഇറക്കുമതി നിരുത്സാഹപ്പെടുത്തുക, ചില ഇനങ്ങളുടെ ഇറക്കുമതി നിരോധിക്കുക, ഇറക്കുമതി ചെയ്യുന്ന ചില കാർഷികോല്പന്നങ്ങൾ ഇന്ത്യയിൽ ഉണ്ടാക്കാൻ വേണ്ട മാർഗങ്ങൾ ഏർപ്പെടുത്തുക, അതിനനുസൃതമായ വ്യവസായങ്ങൾ ആരംഭിക്കുക, പൊതുമേഖലയ്ക്ക് പ്രാബല്യം നല്കുക, തദ്ദേശീയ ഗവേഷണ-വികസനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ.

ഇതിന് സഹായകമായ വ്യവസായനയം 1956-ൽ സർക്കാർ പ്രഖ്യാപിച്ചു. ഒട്ടേറെ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും തദ്ദേശീയ വിഭവങ്ങളെ കൂടുതൽ പ്രയോജനപ്പെടുത്തി സാങ്കേതികവിദ്യ വികസിപ്പിച്ചും വിദേശമൂലധനത്തെ പരമാവധി കുറച്ചുകൊണ്ടുള്ളതും സ്വാശ്രയത്വത്തെക്കുറിച്ചുള്ള ആത്മവിശ്വാസത്തിലൂന്നിയതുമായ ഒരു വികസന പരിപാടിയായിരുന്നു 1960-കളുടെ പകുതിവരെ തുടർന്നു വന്നത്. ഇതിനു സഹായകമായ ഇറക്കുമതി നിയന്ത്രണ നടപടികളും സർക്കാർ നടപ്പിലാക്കിയിരുന്നു. 1960 കളുടെ അവസാനത്തെത്തുടർന്നുണ്ടായ ബാങ്ക് ദേശസാൽക്കരണവും, ഇന്ത്യൻ പേററൻറ് നിയമവുമെല്ലാം ഗുണപരമായ നടപടിയായിരുന്നു. എങ്കിലും അറുപതുകളുടെ പകുതിയോടെ തന്നെ സർക്കാർ നിയന്ത്രണങ്ങളിൽ അയവുവന്നു തുടങ്ങിയിരുന്നു.

നെഹ്രു നടപ്പാക്കിയ സാമ്പത്തിക പരിപാടികളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് പകരം കുറുക്കുവഴികൾ അന്വേഷിക്കുകയാണ് പിന്നീട് ചെയ്തത്. കുത്തകകളുമായി നീക്കുപോക്കുകളുണ്ടാക്കി വ്യാപാര-വ്യവസായ നിയന്ത്രണങ്ങൾ ഒന്നൊന്നായി ഒഴിവാക്കുകയായിരുന്നു ആദ്യത്തെ നടപടി. കയററുമതി വർധിപ്പിക്കാനെന്നോണം ഇറക്കുമതി നിയന്ത്രണങ്ങൾ കുറച്ചുകൊണ്ടിരുന്നു. വിദേശ വിനിമയ നിയന്ത്രണ നിയമങ്ങൾ, കുത്തക നിയന്ത്രണനിയമങ്ങൾ, MRTP അടിക്കടി ഇളവുകൾ വരുത്തിക്കൊണ്ടിരുന്നു. 1966-ൽഉറുപ്പികയുടെ മൂല്യംഔപചാരികമായി വെട്ടിക്കുറക്കുകയുണ്ടായി.

വിദേശ ബഹുരാഷ്ട്ര കുത്തകകളുടെ സ്വാധീനം വർദ്ധിച്ചു വന്നു. ഇന്ത്യക്കാവശ്യമായ സാങ്കേതികവിദ്യ നല്കുന്നതിലും വിദേശ നാണ്യം നേടിത്തരുന്നതിലും വിദേശ കമ്പനികൾക്ക് താല്പര്യമില്ല. അവയുടെ ലക്ഷ്യം ലാഭമാണ്. സാധാരണ ഉപഭോക്തൃ വസ്തുക്കൾ ഉണ്ടാക്കി നമ്മുടെ ഉൾനാടൻ ഗ്രാമങ്ങളെ കൊള്ളയടിച്ചുകൊണ്ട് ലാഭം കൊയ്യുകയാണ് ഈ കമ്പനികൾ ചെയ്യുന്നത്. ഇവിടുത്തെ ചെറുകിട

വ്യവസായങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടാക്കാവുന്ന സാധനങ്ങളെല്ലാം വിദേശ കുത്തകകൾക്ക് നിർമ്മിക്കാൻ അനുവാദം നല്കി. പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും നില്ക്കക്കള്ളിയില്ലാതായി.

## സ്വാശ്രയത്വ പ്രവർത്തനങ്ങളുടെ പ്രസക്തി

ഇന്നത്തെ തകർച്ചയിൽ നിന്ന് ഇന്ത്യയെ രക്ഷിക്കുകയെന്നത് രാജ്യത്തിന്റെയും മാനുഷിക മൂല്യങ്ങളുടേയും സംരക്ഷണമാണ്. രാജ്യം വീണ്ടുമൊരിക്കൽ കൂടി പടിഞ്ഞാറൻ മേൽക്കോയ്മയ്ക്ക് അടിയറ പറയാതിരിക്കാനുള്ള ചെറുത്തുനിൽപിന്റെ പ്രശ്നമാണ്. നമ്മുടെ രാഷ്ട്രീയവും സാമ്പത്തികവുമായ തീരുമാനങ്ങൾ കൈകൊള്ളുന്നത് ഇവിടത്തെ ജനങ്ങൾ തന്നെയായിരിക്കണമെന്ന ജനാധിപത്യ സംരക്ഷണത്തിന്റെ പ്രാഥമിക കടമ നിർവാഹിക്കാനുള്ള അവസരം സൃഷ്ടിക്കുകയാണത്. ഇന്ത്യയുടെ വളർച്ചാ സാദ്ധ്യതയും കഴിവും നമ്മുടെ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുകയെന്നത് തന്നെ വളരെ പ്രധാനമാണ്. ഇവിടത്തെ ജനങ്ങൾ ഒന്നിച്ചു നിന്നാൽ ലോകത്തൊരു ശക്തിക്കും ഇന്ത്യയെ കീഴടക്കാൻ കഴിയില്ലെന്ന സത്യം അനുഭവത്തിലൂടെ തെളിയിക്കണം. ഇതിനുള്ള തുടക്കമാണ് സ്വാശ്രയത്വ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത്. ജനാധിപത്യപരമായ ബദൽ മാർഗങ്ങളെ മുൻനിർത്തിയുള്ള പ്രസ്ഥാനങ്ങളും രാഷ്ട്രീയസമരങ്ങളും ശക്തിപ്പെടുത്തണം.

ജനങ്ങളുടെ ഭാഗത്തുനിന്ന് ഉയർന്നുവരുന്ന ബദൽ നിർദ്ദേശങ്ങളെ അവഗണിക്കാൻ അധികാരികൾക്കു കഴിയാത്ത വിധം ജനസമർദ്ദം ശക്തിപ്പെടുത്തണം. ഇന്ത്യയിലെ ജനവിരുദ്ധ സാമ്പത്തികനയം തുറന്നു കാട്ടുകയും ബദൽനടപടികൾ നിർദ്ദേശിക്കുകയും ചെയ്തപ്പോഴെല്ലാം അധികൃതർ അവയെ അഗണിക്കുകയാണു ചെയ്തത്. ഇപ്പോഴും ഇത്തരം നിർദ്ദേശങ്ങളെ അവഗണിച്ച് ഐ. എം. എഫും ലോകബാങ്കും നിർദ്ദേശിച്ച ഉപാധികളുമായി മുന്നോട്ടു നീങ്ങുകയാണ് അധികൃതർ. ഇന്ത്യ ശക്തമായ ഒരു രാജ്യമാണ്. ഇവിടുത്തെ വർദ്ധിച്ച ജനസംഖ്യയും വൈവിദ്ധ്യമാർന്ന വിഭവങ്ങളും വലിയൊരു സമ്പത്താണ്. ഈ സമ്പത്തിനെ ആസൂത്രിതമായി ഭൂരിഭാഗം ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊന്നൽ കൊടുത്ത് വിനിയോഗിക്കണം. അതിനുവേണ്ട ജനാധിപത്യപരമായ സംവിധാനങ്ങളും സാഹചര്യങ്ങളും രൂപപ്പെട്ടുവരികയാണു വേണ്ടത്. ഇതിനു സഹായകമായ സാമ്പത്തിക വ്യാവസായികനയങ്ങൾ ആവിഷ്ക്കരിക്കപ്പെടണം. ഇന്ത്യയിൽ ഇത്തരത്തിലുള്ള നീക്കങ്ങൾ രൂപപ്പെട്ടുവരുന്നതിനെ സാമ്രാജ്യത്വം ശക്തി

യായി എതിർക്കുമെന്നതിൽ സംശയമില്ല. അമേരിക്കയുടെ ഈ നീക്കത്തിന് സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളുണ്ട്.

സാമ്പത്തിക ലക്ഷ്യം ഇന്ത്യയിലെ വിപണനസാദ്ധ്യതകളാണ്. മൂലധനം ഇറക്കാനും വിഭവ ചൂഷണത്തിനും സാധനങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള ഏററവും ഉചിതമായ ഒരു കമ്പോളമാണ് ഇന്ത്യ. ഇവിടുത്തെ പത്തു ശതമാനത്തോളം ജനങ്ങൾ (എട്ടരക്കോടി) ആഡംബരസാധനങ്ങൾ വാങ്ങാൻ കഴിയുന്നവരാണ്. ഈ വർദ്ധിച്ച സാദ്ധ്യത ഉപയോഗപ്പെടുത്താനുള്ള വ്യഗ്രതയിൽ ഇന്ത്യയിലെ കുത്തകകളും ധനികകൃഷിക്കാരേയും വലിയ ഉദ്യോഗസ്ഥന്മാരേയും കച്ചവടക്കാരെയും ലക്ഷ്യമാക്കിക്കൊണ്ടുള്ള പുതിയ കമ്പോളതന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ്. രാജ്യത്തിലെ ഉൽപാദനം ഇവരിൽ മാത്രം ഒതുങ്ങിനിൽക്കാൻ വേണ്ട അസന്തുലിത വികസന മാർഗങ്ങൾ സാമ്രാജ്യത്വശക്തികൾക്കാവശ്യമാണ്. ഇത്തരം മാർഗങ്ങളാണ് ഐ. എം. എഫും ലോകബാങ്കും നിർദ്ദേശിക്കുന്നത്.

രാഷ്ട്രീയമായി ലോകത്ത് രൂപപ്പെട്ടുവരുന്ന മൂന്നാംലോക ചേരിക്ക് നേതൃത്വം നൽകാനുള്ള ഇന്ത്യയുടെ സാദ്ധ്യതയും കടമയും നിറവേററപ്പെടാതെയിരിക്കണം. അതിനായി ഇന്ത്യയെ ദുർബലപ്പെടുത്തണം. ഈ ലക്ഷ്യങ്ങൾ സാധിച്ചെടുക്കുകയെന്നതാണ് സാമ്രാജ്യത്വത്തിൻെറ ആവശ്യം. ഉയർന്ന ബ്യൂറോക്രാററുകളും കുത്തകക്കാരും ഇന്ത്യയുടെ രാഷ്ട്രീയ നേതൃത്വത്തെ വലിയൊരു വഴിത്തിരിവിലെത്തിച്ചുകൊണ്ടിരിക്കയാണ്. കേവലന്യൂനപക്ഷമായ ഈ വിഭാഗത്തിൻെറ വ്യക്തിതാൽപര്യമനുസരിച്ചാണ് രാജ്യത്തിൻെറ ഭാവി ഇപ്പോൾ നിർണയിക്കപ്പെടുന്നത്.

## ഉടൻ ചെയ്യേണ്ട കാര്യങ്ങൾ

അത്യാവശ്യമല്ലാത്ത സാധനങ്ങളുടെ ഇറക്കുമതി (ഇത് മൊത്തം ഇറക്കുമതിയുടെ 67 ശതമാനമാണ്) വെട്ടിക്കുറക്കുകയും ഇറക്കുമതി ചെയ്യുന്ന അവശ്യ ഉല്പന്നങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ് ആദ്യം വേണ്ടത്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് റേഷൻ ഏർപ്പെടുത്തണം. സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നത് നിജപ്പെടുത്തുകയും ഓരോ വാഹനവും അതിൽ മിനിമം കയറാവുന്ന യാത്രക്കാരെ ഓരോ യാത്രയിലും കയററുകയും വേണം. പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണം. സർക്കാർ വാഹനങ്ങൾ, അത്യാവശ്യത്തിന് വേണ്ടതൊഴികെ, ബാക്കി വിററഴിക്കണം. രാജ്യത്തിനകത്തെ പെട്രോളിയം-പ്രകൃതി വാതക സ്രോതസ്സുകളെ പൂർണ

മായും പ്രയോജനപ്പെടുത്താനുള്ള സംവിധാനവും ഉണ്ടാകണം. പ്രതിരോധത്തിന്റെ പേരിലുള്ള ഇറക്കുമതി ഗണ്യമായി കുറയ്ക്കുകയും പ്രതിരോധച്ചെലവിൽ കുറവ് വരുത്തുകയും വേണം. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ യുദ്ധോപകരണം ഇറക്കുമതി ചെയ്ത വികസ്വര രാജ്യം ഇന്ത്യയാണ്. ആണവ പരീക്ഷണത്തിന്റെയും പ്രതിരോധ ഗവേഷണത്തിന്റെയും പേരിൽ കോടിക്കണക്കിന് രൂപയുടെ ഇറക്കുമതികൾ നടക്കുന്നു. ക്രമസമാധാന പ്രശ്നങ്ങൾ, അതിർത്തി പ്രശ്നങ്ങൾ എന്നിവ ഉഭയകക്ഷി ചർച്ചയിലൂടെ രാഷ്ട്രീയമായി പരിഹരിക്കാനാണ് ശ്രമിക്കേണ്ടത്.

ആഡംബര പ്രധാനങ്ങളായ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി പൂർണമായും നിർത്തണം. വിദേശ വസ്തുക്കളോടുള്ള ഭ്രമവും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ബഹുരാഷ്ട്ര ഉൽപ്പന്നങ്ങൾ കഴിയുന്നത്ര ബഹിഷ്കരിക്കുകയും വേണം. ഇന്ത്യയിൽ ഇന്നുള്ള മിക്ക വ്യവസായങ്ങളും ശക്തി പ്രാപിച്ചത് സ്വദേശി പ്രസ്ഥാന കാലത്താണെന്നത് പ്രത്യേകം കാണണം.

ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനായി പ്രത്യക്ഷ നികുതി നിരക്കിൽ വർദ്ധന, നികുതി കുടിശ്ശിക പിരിച്ചെടുക്കൽ, കള്ളപ്പണം കണ്ടുകെട്ടൽ എന്നിവ നടപ്പാക്കണം. അതോടൊപ്പം സ്വകാര്യ ഫാക്ടറികളിലെ സർക്കാർ വായ്പകൾ, നിക്ഷേപം, ഷെയറുകൾ എന്നിവ പിൻവലിക്കുകയും പൊതുവിപണിയിൽ വിൽക്കുകയും വേണം. സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെ പണം ഉപയോഗിച്ചാണ് മിക്ക സ്വകാര്യ കമ്പനികളും ഇന്ത്യയിൽ ഇന്ന് ലാഭമുണ്ടാക്കുന്നത്. പൊതുമേഖലയെ അല്ല, സ്വകാര്യമേഖലയെ ആണ് യഥാർഥത്തിൽ 'സ്വകാര്യവൽക്കരിക്കേണ്ടത്'. ഈ നടപടികൾ സ്വാവലംബനത്തിന് സഹായകമാകും. ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ദീർഘകാല നടപടികളാണ് രണ്ടാംഘട്ടത്തിൽ കൈക്കൊള്ളേണ്ടത്. ഇതിൽ പ്രധാനം ഭൂപരിഷ്ക്കരണം, അധികാര വികേന്ദ്രീകരണം, എന്നിവയാണ്. ഇതുവഴി സാമ്പത്തിക ഉൽപ്പാദനത്തിന്റെ നീതിപൂർവമായ പുനർവിതരണം ഉറപ്പുവരുത്താനും ആഭ്യന്തര വിപണി ശക്തിപ്പെടുത്താനും വികേന്ദ്രീകരിക്കാനും കഴിയും. ഇത് കാർഷിക വ്യാവസായിക മേഖലകളുടെ പരസ്പര പൂരകമായ വളർച്ചയ്ക്ക് വഴിയൊരുക്കും. ഇതോടൊപ്പം ശാസ്ത്രീയമായ സ്ഥല ജലമാനേജ്മെന്റ് നടപടികളും വേണം. തുടർന്ന് വ്യാപാര-ധന-ബാങ്കിംഗ് മേഖലകളെ സാധാരണ ജനങ്ങളുമായും താഴത്തെ തലത്തിലുള്ള ഭരണ സമിതികളുമായും (ഉദാഹരണം പഞ്ചായത്തുകൾ) ബന്ധിക്കുന്നവിധം കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ മാററം വരണം. ഇതുവഴി പ്രാദേശിക വിഭ

വങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള കൈമാററ പ്രവർത്തനങ്ങൾ ശക്തിപ്പെടും. ഇതിനൊക്കെ കഴിയണമെങ്കിൽ നമ്മുടെ ഭൂരിഭാഗം വരുന്ന പാവപ്പെട്ട ജനങ്ങളുടെയും വളർച്ചയും ഉന്നതിയുമായിരിക്കണം നാം ലക്ഷ്യമിടുന്നത്.

## സ്വാശ്രയ സമിതി—ജനകീയ പ്രതിരോധ പ്രസ്ഥാനം

നമ്മുടെ രാജ്യത്തിൻെറ പരമാധികാരവും സ്വാശ്രയത്വത്തിലധിഷ്ഠിതമായ ശാസ്ത്ര-സാങ്കേതിക-വളർച്ചയും അതിഗുരുതരമായ വെല്ലുവിളികളെ നേരിടുന്ന ഈ സാഹര്യത്തിൽ എല്ലാ വിഭാഗത്തിലും പെട്ടരാജ്യസ്നേഹികളെ അണിനിരത്തിക്കൊണ്ടുള്ളശക്തമായ ജനകീയ പ്രതിരോധ നിര കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. സങ്കുചിത വിഭാഗീയ ചിന്താഗതിക്കതീതമായി രൂപപ്പെടുത്തേണ്ട ഇത്തരത്തിലുള്ള ഒരു ജനകീയ മുന്നേററത്തിലൂടെ മാത്രമേ നമ്മുടെ സ്വാതന്ത്ര്യസമര സേനാനികൾ സ്വപ്നം കണ്ട ഇന്ത്യയുടെ സ്വാശ്രയത്വത്തിലധിഷ്ഠിതമായ സാമൂഹ്യ സാമ്പത്തിക വളർച്ച സാക്ഷാത്ക്കരിക്കാനാവൂ. അതിലേക്കുള്ള ഒരു എളിയ ശ്രമമെന്ന നിലയിലാണ് വിവിധ പ്രചരണ-പ്രക്ഷോഭ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി കേരള സ്വാശ്രയ സമിതി രൂപീകരിച്ചിട്ടുള്ളത്. സ്വാശ്രയ സമിതിയുടെ പ്രവർത്തനങ്ങളോട് സഹകരിക്കണമെന്നും ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തണമെന്നും എല്ലാ രാജ്യസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

Where is your house
What is father

| | | | | | |
|---|---|---|---|---|---|
| KSS | 01 | D 1/8 | August 92 | 2K | 0200 |

Published and distributed by the Convener, Kerala Swasraya Samithi, Thiruvananthapuram. Printed at Swaraj Press & Publications, Thiruvananthapuram 39. Price Rs. 2.00